24
2026
മാർച്ച്
ചൊവ്വ
മീനം 10

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-7, Issue No. 64 Page 4, Price: Rs. 2 പുസ്തകം-7 ലക്കം-64 പേജ് 4. വില 2.00 രൂപ

02 കളമശേരി കവർച്ച: ലക്ഷ്യം ലൈംഗികാതിക്രമം സ്വർണം കണ്ടെത്താനായില്ല
03 യുദ്ധം; ഏഷ്യൻ ഓഹരിവിപണികളിൽ തകർച്ച
04 കാറിനെ കുത്തിമറിച്ച് പടയപ്പ, കൊമ്പിൻ മുനയിൽ സഞ്ചാരികൾ

# ലത്തീൻ കത്തോലിക്ക സമുദായത്തെ ചതിച്ചവർക്കെതിരെ പ്രതികരിക്കും

തിരുവനന്തപുരം: ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ സംവരണ ആനുകൂല്യം അട്ടിമറിക്കുന്ന ജസ്റ്റിസ് J B കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ച സംസ്ഥാന സർക്കാരും അതിന് ഒത്താശ ചെയ്ത രാഷ്ട്രീയ നേതൃത്വവും നിയമസഭാ തെരഞ്ഞെടുപ്പിൽ വലിയ വില നല്കേണ്ടിവരുമെന്ന് കേരള കോസ്റ്റൽ കമ്മ്യൂണിറ്റി കോർഡിനേഷൻ ഫോറം ജനറൽ കൺവീനർ പി സ്റ്റെല്ലസ്.

സാമൂഹ്യപരമായും സാമ്പത്തികപരമായും വിദ്യാഭ്യാസപരമായും തൊഴിൽപരമായും വളരെ പിന്നോക്കം നില്ക്കുന്ന കേരളത്തിലെ 140 നിയോജക മണ്ഡലങ്ങളിലും 12 ലക്ഷത്തോളം വരുന്ന ലത്തീൻ കത്തോലിക്ക മുക്കുവ, അഞ്ഞൂറ്റി, വിഭാഗത്തിൽപ്പെടുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികളായ, ലത്തീൻ കത്തോലിക്ക മുക്കുവാ സമുദായാംഗങ്ങളായ ക്രിസ്ത്യാനികൾക്ക് മാത്രം അർഹമായ സംവരണത്തിന്റെ കട്ട് ഓഫ് ഡേറ്റ് 1947 എന്നത് എടുത്ത് മാറ്റി മതാദ്ധ്യക്ഷന്മാർ നല്കുന്ന കത്തിന്റെ അടിസ്ഥാനത്തിൽ ജാതി സർട്ടിഫിക്കറ്റിനും സംവരണത്തിനും പരിഗണിക്കുവാൻ ശുപാർശ ചെയ്യുന്നതാണ് ജസ്റ്റിസ് ഖആ കോശി കമ്മീഷൻ റിപ്പോർട്ട്. 1965 മുതൽ കേരളത്തിൽ അധികാരത്തിലിരുന്ന സർക്കാരുകൾ നിയമിച്ച വിവിധ കമ്മീഷനുകൾ പഠനം നടത്തി നല്കിയ ശുപാർശകളുടെ അടിസ്ഥാനത്തിൽ ശരിവച്ച് നിലനിറുത്തിയ ലത്തീൻ കത്തോലിക്ക സമുദായത്തിന് മാത്രം ലഭിച്ചുകൊണ്ടിരിക്കുന്ന സംവരണ ആനുകൂല്യം, അനർഹമായി തട്ടിയെടുക്കുവാൻ മറ്റൊരു സമുദായത്തിന് അവസരമൊരുക്കുകയാണ് കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുവാൻ തീരുമാനിച്ചതിലൂടെ സർക്കാർ ചെയ്തതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. ലത്തീൻ കത്തോലിക്ക സമുദായത്തിനുണ്ടായ ചതിക്ക് കേരളത്തിലാകമാനം ബാലറ്റിലൂടെ മറുപടി പറയുമെന്ന് കേരള കോസ്റ്റൽ കമ്മ്യൂണിറ്റി കോർഡിനേഷൻ ഫോറം ജനറൽ കൺവീനർ പി.സ്റ്റെല്ലസ് പറഞ്ഞു.

മുക്കുവ അഞ്ഞൂറ്റി സമുദായങ്ങളുടെ നിഷേധിക്കപ്പെട്ട സംവരണത്തിനായി ശബ്ദമുയർത്തുവാൻ, സമുദായത്തിന് സ്വാധീനമുള്ള മണ്ഡലങ്ങളിൽ സ്ഥാനാർത്ഥികളെ മത്സരിപ്പിക്കുന്നതിനും, , മറ്റു മണ്ഡലങ്ങളിൽ മുന്നണി സപ്പോർട്ട് ഇല്ലാത്ത സ്വതന്ത്ര സ്ഥാനാർത്ഥികളെ പിന്തുണയ്ക്കുമെന്ന് പി സ്റ്റെല്ലസ്.

## രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിലപാട് വ്യക്തമാക്കണം:പി സ്റ്റെല്ലസ്

തിരുവനന്തപുരം: ലത്തീൻ കത്തോലിക്കാ മത്സ്യത്തൊഴിലാളി മുക്കുവ വിഭാഗത്തിൽ പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിന് മുമ്പ് സമുദായ സംവരണം 1947– ന് മുൻപുള്ള മത്സ്യത്തൊഴിലാളികളായ ക്രിസ്ത്യാനികൾക്ക് മാത്രം അർഹമായ ലത്തീൻ മുക്കുവ സംവരണം കട്ട് ഓഫ് ഡേറ്റ് 1947 എടുത്തു മാറ്റി കെ ജെ കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കി. മുക്കുവ സംവരണം ഇന്നും പലരും അനർഹമായി തട്ടിയെടുത്തുകൊണ്ടിരിക്കുകയാണ് ഇത് സംബന്ധിച്ച് ഈ മേഖലയിലുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങൾ നിലപാട് വ്യക്തമാക്കണമെന്ന് സ്വതന്ത്ര മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന പ്രസിഡണ്ട് പി സ്റ്റെല്ലസ്. ഈ വിഷയത്തിൽ വ്യക്തത വരുത്തുന്നതിനായി 1965 –മുതൽ കേരളത്തിലെ വിവിധ സർക്കാരുകൾ വച്ച പല കമ്മീഷനുകളും ഈ തീരുമാനങ്ങൾ ശരിയാണെന്ന് ബലപ്പെടുത്തുകയാണ് ചെയ്തത്. ജനങ്ങളെ സംരക്ഷിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ അഭിപ്രായ പ്രകടനം നടത്തണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

## റെയിൽവെയുടെ ഈസ്റ്റ് സമ്മർ സ്പെഷ്യൽ ടൂർ ട്രെയിൻ

തിരുവനന്തപുരം: ഇന്ത്യൻ റെയിൽവേയുടെ ഭാരത് ഗൗരവ് ട്രയിനു കീഴിലുള്ള സൗത്ത് സ്റ്റാർ റെയിലും ടൂർ ടൈംസും ചേർന്ന് ഭൂട്ടാനിലേക്കും വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലേക്കും സമ്മർ സ്പെഷൽ ടൂർ സംഘടിപ്പിക്കുന്നു. ഏപ്രിൽ 25ന് ആരംഭിക്കുന്ന 14 ദിവസം നീളുന്ന യാത്രയിൽ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലെയും ഭൂട്ടാനിലെയും പധാന കേന്ദ്രങ്ങൾ സന്ദർശിക്കും. ഇതിനായി മൂന്നു പാക്കേജുകളാണുള്ളത്. ഗാങ്ടോക്, ഡാർജിലിംഗ് തുടങ്ങിയ നഗരങ്ങൾ ഉൾപ്പെടുന്നതാണ് ഒന്നാമത്തെ പാക്കേജ്. രണ്ടാമത്തെ പാക്കേജ് ഗുവാഹത്തി, ഷില്ലോംഗ്, ചിറാപുഞ്ചി, മൗലിനോംഗ്, ഡൗകി എന്നീ വിനോദ സഞ്ചാരകേന്ദ്രങ്ങളിലേക്കുള്ളതാണ്. ഭൂട്ടാനിലെ തിമ്പു, പുനാഖ, പാറോ, ചെലെ ലാ പാസ് എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങൾ ഉൾപ്പെടുന്നതാണ് മൂന്നാമത്തെ പാക്കേജ്. ഇൻഷുറൻസ്, ഹോട്ടലുകളിലെ താമസസൗകര്യം, കാഴ്ചകൾ കാണാൻ പോകുന്നതിനുള്ള വാഹനങ്ങൾ, ഭക്ഷിണേന്ത്യൻ വിഭവങ്ങൾ എന്നിവ ലഭിക്കും. രാത്രി താമസം, ലഗേജുകൾ സൂക്ഷിക്കാനുള്ള സൗകര്യം, എൽടിസി, എൽഎഫ്സി സൗകര്യം എന്നിവയും ഒരുക്കിയിട്ടുണ്ട്. പാക്കേജ് നിരക്കുകൾക്കും മറ്റു വിവരങ്ങൾക്കുമായി 7305858585 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ www.tourtimes.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

## പിണറായി വിജയൻ ഇപ്പോൾ ബിജെപിയുടെ ക്യാപ്റ്റനാണെന്ന് കെ. സി. വേണുഗോപാൽ

തിരുവനന്തപുരം: മുഖ്യമന്ത്രി പിണറായി വിജയനെതിരെ രൂക്ഷ വിമർശനവുമായി എഐസിസി ജനറൽ സെക്രട്ടറി കെ. സി. വേണു?ഗോപാൽ. ഡീൽ മുഖ്യമന്ത്രിയുടെ വാക്കുകളിൽ വ്യക്തമാണ്. ബിജെപിയുടെ ക്വട്ടേഷൻ ഏറ്റെടുത്തിരിക്കുകയാണ് പിണറായി വിജയൻ. സിപിഐഎമ്മിൻറെ ക്യാപ്റ്റൻ ആണെങ്കിലും ഇപ്പോൾ ബിജെപിയുടെ ക്യാപ്റ്റനാണ്. പിണറായിയുടെ നാക്ക് ബിജെപിക്ക് വാടകയ്ക്ക് കൊടുത്തിരിക്കുകയാണെന്നും കെ. സി പറഞ്ഞു.

രാഹുൽ ഗാന്ധിയെ ആക്രമിക്കുന്നത് ബിജെപിയാണ്. അതേ ക്വട്ടേഷൻ ആണ് പിണറായിയും നടത്തുന്നത്. ഡീൽ ഇല്ലാതെ ഒരിഞ്ചുപോലും മുഖ്യമന്ത്രിക്ക് മുന്നോട്ടു പോകാൻ കഴിയില്ല. ബന്ധുക്കളെയും മക്കളെയും രക്ഷിക്കാൻ വേണ്ടി മോദിയുടെ മുന്നിൽ സ്രാഷ്ടാംഗം വീണ ആളാണ് മുഖ്യമന്ത്രി.

പാർട്ടി താൽപര്യങ്ങളല്ല, മുഖ്യമന്ത്രിക്ക് പ്രശ്നം സ്വന്തം താൽപര്യങ്ങളാണ്. അതുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ നിന്നും ഇത്രയേറെ ഉരുൾപൊട്ടലുകൾ ഉണ്ടാക്കുന്നതെന്നും കെ. സി. വേണുഗോപാൽ കൂട്ടിച്ചേർത്തു.

## എൽപിജി പ്രതിസന്ധി; ഗാർഹിക സിലിണ്ടറുകളുടെ തൂക്കം കുറയ്ക്കാൻ ആലോചന

ന്യൂഡൽഹി: എൽപിജി പ്രതിസന്ധിയെത്തുടർന്ന് രാജ്യത്ത് ഗാർഹിക സിലിണ്ടറുകളുടെ തൂക്കം കുറയ്ക്കാൻ ആലോചന. നിലവിലുള്ള 14.2 കിലോ സിലിണ്ടറിൽതന്നെ 10 കിലോ നിറച്ച് പരമാവധി ആളുകളിലേക്ക് എൽപിജി എത്തിക്കാനാണ് ആലോചിക്കുന്നത്. ഇതുസംബന്ധിച്ചുള്ള നിർദേശങ്ങൾ കേന്ദ്രസർക്കാർ അംഗീകരിച്ചാൽ മാത്രമേ നടപടി പ്രാബല്യത്തിലാകൂ. 14 കിലോ സിലിണ്ടറിൽ 10 കിലോയെന്ന സ്റ്റിക്കർ പതിക്കും. പരിമിതമായ സ്റ്റോക്ക് ഉപയോഗിച്ച് കൂടുതൽ കുടുംബങ്ങളിലേക്കു ഗ്യാസ് എത്തിക്കുക എന്നതാണ് ലക്ഷ്യം.

സിലിണ്ടറിലെ ഗ്യാസിൻറെ അളവ് കുറയുന്നതിനനുസരിച്ചു വിലയിലും ആനുപാതികമായ കുറവ് വരുത്തും. ഗാർഹിക ആവശ്യങ്ങൾക്കായി ശരാശരി 35 മുതൽ 40 ദിവസംവരെ ഒരു സിലിണ്ടർ ഉപയോഗിക്കാനാകും. നിലവിലുള്ള നിയന്ത്രണപ്രകാരം നഗരമേഖലകളിൽ 25 ദിവസം കഴിഞ്ഞാൽ മാത്രമേ പുതിയ സിലിണ്ടർ ബുക്ക് ചെയ്യാനാകൂ. ഗ്രാമീണ മേഖലകളിൽ ഇത് 45 ദിവസമാണ്. ഈ സാഹചര്യത്തിൽ കൂടുതൽ ആളുകളിലേക്ക് എൽപിജി എത്തിക്കാനുള്ള നീക്കത്തിൻറെ ഭാഗമായാണ് മാറ്റത്തെപ്പറ്റി ആലോചിക്കുന്നതെന്നാണ് വിവരം.

## യുദ്ധം; ലോകം 1970കളിലെ ഊർജ പ്രതിസന്ധിയിലേക്ക്: ഐഇഎ

ദുബായ്: പശ്ചിമേഷ്യയിലെ യുദ്ധസാഹചര്യം 1970–കളിലേക്കാൾ വലിയൊരു ഊർജ പ്രതിസന്ധിയിലേക്കു ലോകത്തെ എത്തിക്കുമെന്ന് അന്താരാഷ്ട്ര ഊർജ ഏജൻസി (ഐഇഎ) മേധാവി ഫാത്തി ബിറോൾ. ഇറാൻറെ തലസ്ഥാനമായ ടെഹ്റാനിൽ സ്ഫോടനങ്ങൾ തുടരുന്നതിനിടെയാണ് ബിറോളിൻറെ മുന്നറിയിപ്പ്.

ഓസ്ട്രേലിയിൽ മാധ്യമപ്രവർത്തകരോടു സംസാരിക്കുകയായിരുന്നു ബിറോൾ. അമേരിക്കൻ–ഇസ്രയേൽ ആക്രമണത്തെത്തുടർന്ന് ഇറാൻ ഹോർമുസ് കടലിടുക്ക് ഉപരോധിച്ചതാണു നിലവിലെ കടുത്ത പ്രതിസന്ധിയുടെ കാരണം. 48 മണിക്കൂറിനുള്ളിൽ ഉപരോധം പിൻവലിച്ചില്ലെങ്കിൽ ഇറാൻറെ ഊർജകേന്ദ്രങ്ങൾ തകർക്കുമെന്ന് യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപ് അന്ത്യശാസനം നൽകിയിട്ടുണ്ട്.

യുദ്ധം ആഗോള വിപണിയിൽ എണ്ണവില കുതിച്ചുയരാൻ കാരണമായി. ബ്രെൻറെ ക്രൂഡ് ഓയിലിനു നിലവിൽ ബാരലിന് 111 ഡോളറിനു മുകളിലാണു വില. യുദ്ധം തുടങ്ങുന്ന സമയത്ത് 70 ഡോളറായിരുന്ന എണ്ണവില കഴിഞ്ഞ ആഴ്ച 119 ഡോളർ വരെ എത്തിയിരുന്നു. ഉത്പാദനത്തെയും കപ്പൽ ഗതാഗതത്തെയും യുദ്ധം സാരമായി ബാധിച്ചിട്ടുള്ളതിനാൽ വരും ദിവസങ്ങളിലും വിപണിയിൽ വലിയ അനിശ്ചിതത്വം തുടരുമെന്നാണു വിലയിരുത്തൽ.

അതേസമയം, ഇറാൻ തൊടുത്തുവിട്ട മിസൈലുകൾ ദക്ഷിണ ഇസ്രയേലിലെ ജനവാസകേന്ദ്രങ്ങളിൽ പതിച്ചു. ഇസ്രയേലിൻറെ പ്രധാന ആണവഗവേഷണ കേന്ദ്രത്തിനു സമീപമുണ്ടായ ആക്രമണത്തിൽ 160ലേറെ പേർക്കു പരിക്കേറ്റതായാണ് റിപ്പോർട്ട്.

നാലാം വാരത്തിലേക്കു കടക്കുന്ന യുദ്ധത്തിൽ ഇറാനിൽ 1,500–ലധികം പേരും ലെബനനിൽ ആയിരത്തോളം പേരും കൊല്ലപ്പെട്ടതായാണ് റിപ്പോർട്ടുകൾ. യുഎസ് സൈനികരും ഇസ്രയേൽ പൗരന്മാരും കൊല്ലപ്പെട്ടിട്ടുണ്ട്. ലക്ഷക്കണക്കിന് ആളുകൾ പലായനം ചെയ്തിട്ടുണ്ട്.

## ഇറാനിൽ താത്കാലിക വെടി നിർത്തൽ പ്രഖ്യാപിച്ച് ട്രംപ്

വാഷിംഗ്ടൺ ഡിസി: ഇറാനിൽ താത്കാലിക വെടിനിർത്തൽ പ്രഖ്യാപിച്ച് അമേരിക്കൻ പ്രസിഡൻറ് ഡോണൾഡ് ട്രംപ്. അഞ്ച് ദിവസത്തേയ്ക്കാണ് നിയന്ത്രിത വെടിനിർത്തൽ പ്രഖ്യാപിച്ചിരിക്കുന്നത്.

അമേരിക്കയും ഇറാനും തമ്മിൽ കഴിഞ്ഞ ദിവസങ്ങളിൽ നടത്തിയ ചർച്ചകൾ വളരെ ഫലപ്രദമായിരുന്നുവെന്ന് വ്യക്തമാക്കിക്കൊണ്ടാണ് താത്കാലിക വെടിനിർത്തൽ ട്രംപ് പ്രഖ്യാപിച്ചത്.

അഞ്ച് ദിവസത്തേക്ക് ഇറാനിലെ ഊർജോത്പാദന കേന്ദ്രങ്ങൾ ആക്രമിക്കില്ലെന്ന് ട്രംപ് ഉറപ്പ് നൽകി. തൻറെ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമായ ട്രൂത്ത് സോഷ്യലിലൂടെയാണ് ട്രംപ് പ്രഖ്യാപനം.

ഇറാനുമായി തുടരുന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ ഇറാൻറെ പവർ പ്ലാൻറുകൾക്കും ഊർജ്ജ പശ്ചാത്തല സൗകര്യങ്ങൾക്കും എതിരായ എല്ലാ സൈനിക ആക്രമണങ്ങളും അഞ്ച് ദിവസത്തേക്ക് നിർത്തിവച്ചതായി സേനകൾക്ക് നിർദ്ദേശം നൽകിയെന്നും ട്രംപ് വ്യക്തമാക്കി.

## ഒമാനിൽ പ്രളയത്തിൽപ്പെട്ട് കാണാതായ മലയാളിയുടെ മൃതദേഹം കണ്ടെത്തി

മസ്കറ്റ്: ഒമാനിലുണ്ടായ പ്രളയത്തിൽ കാണാതായ പാലക്കാട് സ്വദേശിനിയുടെ മൃതദേഹം കണ്ടെത്തി. തൃത്താല സ്വദേശി മുഹമ്മദ്കുട്ടിയുടെ ഭാര്യ റംലത്തിൻറെ മൃതദേഹമാണ് കണ്ടെത്തിയത്.

ഇവരുടെ മകൻ തച്ചറത്തൊടിയിൽ യൂസഫ് (38) കഴിഞ്ഞ ദിവസം മരിച്ചിരുന്നു. ഇയാളുടെ മൃതദേഹം ഒമാനിൽ തന്നെ ഖബറടക്കും.

കഴിഞ്ഞ ദിവസം ഒമാനിലെ തെക്കൻ ബാത്തിന ഗവർണേറ്റിൽ ഉണ്ടായ പ്രളയത്തിൽ ഇവർ സഞ്ചരിച്ചിരുന്ന വാഹനം ഒഴുക്കിൽപ്പെട്ടായിരുന്നു അപകടം ഉണ്ടായത്.

ഒമാന്റെ വിവിധ പ്രദേശങ്ങളിൽ ഇപ്പോഴും കനത്ത മഴ തുടരുകയാണ്. എല്ലാ ഗവർണറേറ്റുകളിലും സുരക്ഷാ മുന്നറിയിപ്പുകൾ നൽകി കഴിഞ്ഞു. താഴ്ന്ന പ്രദേശങ്ങൾ ഇപ്പോഴും വെള്ളത്തിനടിയിൽ തന്നെയാണ്.

## മാളവിക മോഹനൻ ബ്രാൻഡ് അംബാസഡർ



തിരുവനന്തപുരം: മുംബൈ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന പ്രമുഖ സൗന്ദര്യവർധക ബ്രാൻഡായ വെൽബീയിംഗ് ന്യൂട്രിഷൻ തങ്ങളുടെ പ്രീമിയം കൊറിയൻ മറൈൻ കൊളാജൻ, സ്കിൻ ഗ്ലൂട്ടാത്തിയോൺ ഉൽപ്പന്ന നിരയ്ക്കായി പ്രശസ്ത നടി മാളവിക മോഹനനെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. ബ്രാൻഡിന്റെ ഉൽപ്പന്ന ശ്രേണിയുടെ പ്രചാരണത്തിനായാണ് മാളവിക മോഹനനുമായി സഹകരിക്കുന്നത്.

## ഭീം ബ്രാൻഡ് അംബാസഡറായി മഹേന്ദ്ര സിംഗ് ധോണി



തിരുവനന്തപുരം: നാഷണൽ പെയ്മെന്റ് കോർപറേഷൻ ഓഫ് ഇന്ത്യ ഭീം സർവീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) ഇന്ത്യൻ ക്രിക്കറ്റ് ടീം മുൻ ക്യാപ്റ്റൻ മഹേന്ദ്ര സിംഗ് ധോണിയെ ഭീം പേയ്മെന്റ്സ് ആപ്പിന്റെ ബ്രാൻഡ് അംബാസഡറായി പ്രഖ്യാപിച്ചു. വിശ്വാസം, സ്ഥിരത, ആശ്രയത്വം എന്നീ മൂല്യങ്ങളിൽ അധിഷ്ഠിതമായ ഈ പങ്കാളിത്തം ഭീമിന്റെ വളർച്ചയെ സഹായിക്കുമെന്നു എൻബിഎസ്എൽ അറിയിച്ചു. ഡിജിറ്റൽ പേയ്മെന്റുകൾ എളുപ്പമാക്കാനുള്ള ഭീമിന്റെ ശ്രമങ്ങളുടെ ഭാഗമാകുന്നതിൽ സന്തോഷമുണ്ടെന്ന് മഹേന്ദ്ര സിംഗ് ധോണി പറഞ്ഞു.



# കളമശേരി കവർച്ച: പ്രതിയുടെ ലക്ഷ്യം ലൈംഗികാതിക്രമം, സ്വർണം കണ്ടെത്താനായില്ല

കൊച്ചി: കളമശേരിയിൽ യുവതിയെ ആക്രമിച്ച് സ്വർണവും ഫോണും കവർന്ന പ്രതിയുടെ ലക്ഷ്യം യുവതിയെ ലൈംഗികമായി ഉപദ്രവിക്കൽ ആരുന്നുവെന്നു കൊച്ചി ഡിസിപി ഷഹൻഷ. കൊച്ചിയിൽ കെഎസ്ഇബി കരാർ തൊഴിലാളിയായി ജോലി ചെയ്തിരുന്ന പ്രതിക്ക് പ്രദേശത്തെ കുറിച്ച് വ്യക്തമായ ധാരണയുണ്ടായിരുന്നു. മാർച്ച് 15ന് ആയിരുന്നു കളമശേരി സെൻ്റ് ജോസഫ് പള്ളിക്ക് സമീപം റെയിൽവേ മേൽപ്പാലത്തിന് അടിയിലൂടെ ഒറ്റയ്ക്ക് പോയ കണ്ണൂർ സ്വദേശിയായ യുവതി ആക്രമണത്തിന് ഇരയായത്. എച്ച്എംടി ജംഗ്ഷനിൽനിന്നു ജോലി കഴിഞ്ഞു മടങ്ങിയ യുവതിയുടെ തലയിൽ മുണ്ടിട്ട് മൂടി റെയിൽവേ തൂണിൽ തലയിടിപ്പിച്ച് ആക്രമിക്കുകയായിരുന്നു.തുടർന്ന് സ്വർണമാലയും ഫോണും കവർന്നു. 200ൽ ഏറെ സിസിടിവികൾ പരിശോധിച്ചും ഒരു ലക്ഷത്തോളം മൊബൈൽ ഫോൺ ടവറുകളും പരിശോധിച്ചാണ് അഗളി സ്വദേശിയിലേക്കു പോലീസ് എത്തിയത്. ഇന്നലെ പാലക്കാട് അഗളിയിൽ എത്തിയ പോലീസ് പ്രതിയെ കസ്റ്റഡിയിൽ എടുക്കുകയായിരുന്നു. പ്രതി പത്തിപ്പാലത്ത് ഒരു കമ്പനിയിൽ ജോലി ചെയ്യുകയാണ്. സുഹൃത്തുക്കൾക്കൊപ്പം മദ്യപിച്ച ശേഷമാണ് പ്രതി യുവതിയെ ആക്രമിച്ചത്. യുവതിയിൽനിന്നു കവർന്ന ഒരു പവൻ സ്വർണമാലയും കമ്മലും കണ്ടെത്താനായിട്ടില്ല. യുവതിയുടെ മൊബൈൽ കണ്ടെടുത്തു. ബലാത്സംഗ ശ്രമം അടക്കം നടന്നതിനാൽ ഈ വകുപ്പുകൾ ചുമത്തിയാണു പ്രതിയെ കോടതിയിൽ ഹാജരാക്കുക.

# ഉച്ചയ്ക്കും കൂപ്പുകുത്തി സ്വർണവില; പവൻവില ഒരുലക്ഷം രൂപയിൽ താഴെ

കൊച്ചി: സംസ്ഥാനത്ത് രണ്ടാംതവണയും സ്വർണവില താഴേക്ക്. ജനുവരി ഒമ്പതിനു ശേഷം ആദ്യമായി വില ഒരു ലക്ഷത്തിനു താഴെയെത്തി. ഗ്രാമിന് 400 രൂപയും പവന് 3,200 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 12,435 രൂപയിലും പവന് 99,480 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്.

നേരത്തെ, വൻ വീഴ്ച നടന്ന രാവിലെ ഗ്രാമിന് 545 രൂപയും പവന് 4,360 രൂപയും ഇടിഞ്ഞിരുന്നു. ഇതോടെ, ഇന്ന് ഇതുവരെ മാത്രം ഗ്രാമിന് 945 രൂപയും പവന് 7,560 രൂപയുമാണ് കുറഞ്ഞത്. ജനുവരി ഒമ്പതിന് ശേഷം സംസ്ഥാനത്തെ ഏറ്റവും താഴ്ന്ന വിലയാണ് ഇന്നു രേഖപ്പെടുത്തിയത്. ഇതാണ് ട്രെൻഡ് എങ്കിൽ കേരളത്തിൽ പവൻവില ഇനിയും താഴേക്ക് പോകാനാണ് സാധ്യത.

മാർച്ച് ഒന്നിന് രേഖപ്പെടുത്തിയ 1,26,920 രൂപയാണ് ഈ മാസം ഇതുവരെ രേഖപ്പെടുത്തിയ ഏറ്റവും കൂടിയ വില.

ശനിയാഴ്ച വൻ ഇടിവിലാണ് സ്വർണവില കഴിഞ്ഞ വാരം വ്യാപാരം അവസാനിപ്പിച്ചത്. ഗ്രാമിന് 275 രൂപയും പവന് 2,200 രൂപയുമാണ് ശനിയാഴ്ച കുറഞ്ഞത്. ദിവസങ്ങളായി വീഴ്ചയുടെ ട്രെൻഡ് തുടരുന്ന സ്വർണവില കഴിഞ്ഞ വ്യാഴാഴ്ച മാത്രം മൂന്നു തവണയാണ് സ്വർണവില മാറിമറിഞ്ഞത്. രാവിലെയും ഉച്ചയ്ക്കും വൈകുന്നേരവുമായി പവന് 5,240 രൂപയാണ് കുറഞ്ഞത്.

വെള്ളിയാഴ്ച മാറിമറിഞ്ഞ സ്വർണവില രാവിലെ ഗ്രാമിന് 60 രൂപയും പവന് 480 രൂപയും വർധിച്ചെങ്കിലും വൈകുന്നേരം ഗ്രാമിന് 180 രൂപയും പവന് 1,440 രൂപയും ഇടിയുകയാണുണ്ടായത്. പിന്നാലെയാണ് വൻ ഇടിവുകൾ ഉണ്ടായത്.

ജനുവരി 29ന് പവൻവില സർവകാല ഉയരം തൊട്ടിരുന്നു. അന്ന് ഗ്രാമിന് ഒറ്റയടിക്ക് 1,080 രൂപയും പവന് 8,640 രൂപയും വർധിച്ച് സ്വർണവില സർവകാല റിക്കാർഡ് ഭേദിച്ച് ഗ്രാമിന് 16,395 രൂപയും പവന് 1,31,160 രൂപയിലുമെത്തുകയായിരുന്നു. എന്നാൽ പിന്നീട് ഇതുവരെ പവന് 28,480 രൂപയും ഗ്രാമിന് 3,560 രൂപയുമാണ് കുറഞ്ഞത്.

പുതുവർഷത്തിൽ കുതിപ്പോടെ തുടങ്ങിയ സ്വർണവില ജനുവരി അഞ്ചിന് പവന് ഒറ്റയടിക്ക് 1,160 രൂപയും ഗ്രാമിന് 145 രൂപയും വർധിച്ച് വീണ്ടും ഒരു ലക്ഷം പിന്നിട്ടിരുന്നു. ഇതിനു പിന്നാലെയാണ് വൻ കുതിപ്പുമായി മുന്നോട്ടുപോയത്. 2025 ജനുവരിയിൽ 57,000 രൂപ മാത്രമായിരുന്ന വിലയാണ് വർഷാവസാനം ലക്ഷം ഭേദിച്ചത്.

ഡിസംബർ 23നായിരുന്നു സ്വർണവില പവന് ചരിത്രത്തിലാദ്യമായി ഒരുലക്ഷം രൂപ കടന്നത്. പിന്നീട് കുതിപ്പ് തുടർന്ന സ്വർണം റിക്കാർഡ് തിരുത്തിക്കൊണ്ടിരുന്നു. ഡിസംബർ 27ന് പവന് 1,04,440 രൂപ എന്ന ആ വർഷത്തെ റിക്കാർഡ് വിലയിലെത്തി. പിന്നീട് രാജ്യാന്തര തലത്തിലുണ്ടായ കനത്ത ലാഭമെടുപ്പ് സമ്മർദത്തെ തുടർന്ന് ഡിസംബർ 31ന് 98,920 രൂപയിലേക്ക് ഇടിഞ്ഞിരുന്നു. എന്നാൽ, പുതുവർഷപ്പിറവി ദിനം മുതൽ വില കൂടുന്നതാണ് കണ്ടത്.

ഓഹരി വിപണിയിലെ ചലനങ്ങളും രാജ്യാന്തര വിപണിയിലെ മാറ്റങ്ങളുമാണ് വിപണിയിൽ പ്രതിഫലിക്കുന്നത്. ഒരുഘട്ടത്തിൽ ഔൺസിന് 4,325 ഡോളറിലേക്ക് വീണ രാജ്യാന്തര സ്വർണവില രാവിലെ 121 ഡോളർ താഴ്ന്ന് 4,369 ഡോളറിലെത്തിയിരുന്നു. പിന്നാലെ 250ലേറെ ഡോളർ കൂടി ഇടിഞ്ഞ് 4,200 ഡോളർ നിലവാരത്തിലേക്ക് താഴ്ന്നതാണ് കേരളത്തിലും വില കുറയാൻ സഹായിച്ചത്.

അതേസമയം, വെള്ളിയുടെ വിലയിൽ മാറ്റമില്ല. ഒരു ഗ്രാം വെള്ളിക്ക് 230 രൂപയിലാണ് വ്യാപാരം പുരോഗമിക്കുന്നത്.

# പത്രിക സമർപ്പണം പൂർത്തിയായി, 1269; അന്തിമ ചിത്രം വ്യാഴാഴ്ച തെളിയും

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദേശ പത്രിക സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചു. ഇതുവരെ ലഭ്യമായ കണക്കുകൾ പ്രകാരം സംസ്ഥാനത്താകെ 1269 പത്രികകളാണ് ലഭിച്ചിട്ടുള്ളത്. അന്തിമ കണക്കുകൾ ലഭ്യമാകുന്നതോടെ ഇതിൽ നേരിയ മാറ്റത്തിനു സാധ്യതയുണ്ടെന്ന് അധികൃതർ വ്യക്തമാക്കി. സമർപ്പിക്കപ്പെട്ട പത്രികകളുടെ സൂക്ഷ്മപരിശോധന ചൊവ്വാഴ്ച നടക്കും. 26-ാം തീയതിവരെ സ്ഥാനാർഥിത്വം പിൻവലിക്കാം. തുടർന്ന് അന്തിമ ചിത്രം തെളിയും. പല മണ്ഡലങ്ങളിലും പ്രമുഖ മുന്നണികൾക്ക് വിമത സ്ഥാനാർഥികൾ രംഗത്തുണ്ട്. ഇവരെ അനുനയിപ്പിക്കാനുള്ള ശ്രമത്തിലാണ് നേതാക്കൾ.

സംസ്ഥാനത്തെ അന്തിമ വോട്ടർ പട്ടിക ചൊവ്വാഴ്ച പ്രസിദ്ധീകരിക്കും. ഇത്തവണ 2.72 കോടി വോട്ടർമാരാണ് കേരളത്തിൻറെ രാഷ്ട്രീയ ഭാവി നിർണയിക്കാൻ വിധിയെഴുതുന്നത്. പറവൂരിലെ യുഡിഎഫ് സ്ഥാനാർഥിയും പ്രതിപക്ഷ നേതാവുമായ വി. ഡി. സതീശൻ, പാലയിലെ എൽഡിഎഫ് സ്ഥാനാർഥി ജോസ് കെ. മാണി, ഒറ്റപ്പാലത്തെ എൻഡിഎ സ്ഥാനാർഥി മേജർ രവി തുടങ്ങിയവർ തിങ്കളാഴ്ച പത്രിക സമർപ്പിച്ചു.

# മുസ്‌ലിം ലീഗ് മതേതരമാണെങ്കിൽ ഞാനും മതേതരവാദി: ബി. ഗോപാലകൃഷ്ണൻ

തൃശൂർ: ഗുരുവായൂരിൽ വർഷങ്ങളായി ഹിന്ദു എംഎൽഎയില്ലെന്ന പരാമർശത്തിൽ വിശദീകരണവുമായി എൻഡിഎ സ്ഥാനാർഥി ബി. ഗോപാലകൃഷ്ണൻ. താൻ നടത്തിയ പരാമർശങ്ങളിൽനിന്ന് ഒരടി പോലും പിന്നോട്ടില്ലെന്നും പറഞ്ഞ കാര്യങ്ങളിൽ ഉറച്ചു നിൽക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.

മുസ്‌ലിം ലീഗ് മതേതരമാണെങ്കിൽ താനും മതേതരവാദിയാണ്. ജമാഅത്തെ ഇസ്ലാമിയെ പിന്തുണയ്ക്കുന്ന വി. ഡി. സതീശനും കോൺഗ്രസും മതേതരവാദികളാണെങ്കിൽ താനും മതേതരവാദിയാണ്.

പോപ്പുലർ ഫ്രണ്ടുമായി സഖ്യമുണ്ടാക്കുന്ന പിണറായി വിജയൻറെ എൽഡിഎഫ് മതേതരമാണെങ്കിൽ താനും മതേതരവാദിയാണെന്നും പരിഹാസരൂപേണ അദ്ദേഹം അവകാശപ്പെട്ടു. ഇന്ത്യൻ ഭരണഘടനയ്ക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന ജമാഅത്തെ ഇസ്ലാമിയുമായി വി. ഡി. സതീശന് എന്ത് ഡീലാണുള്ളതെന്നു വെളിപ്പെടുത്തണം.

എൻഡിഎഫിനും പോപ്പുലർ ഫ്രണ്ടിനും കേരളത്തിൽ പ്രവർത്തിക്കാൻ എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതു പിണറായി വിജയനാണെന്ന ആരോപണവും ഗോപാലകൃഷ്ണൻ ഉന്നയിച്ചു.

# കെ.സി ഇടപെട്ടു;മത്സരിക്കാനില്ലെന്ന് സഞ്ജയ് ഖാൻ

കൊല്ലം: പുനലൂരിൽ യുഡിഎഫ് വിമതനായി മത്സരിക്കുമെന്ന് പ്രഖ്യാപിച്ച സഞ്ജയ് ഖാൻ മത്സരരംഗത്തു നിന്ന് പിൻമാറി. കെ. സി. വേണുഗോപാൽ നേരിട്ട് സംസാരിച്ചുവെന്നും യുഡിഎഫിൻറെ വിജയത്തിനായി പ്രവർത്തിക്കുമെന്നും സഞ്ജയ് ഖാൻ വ്യക്തമാക്കി.

പുനലൂർ സീറ്റ് വീണ്ടും മുസ്‌ലിം ലീഗിന് നൽകിയതിന് പിന്നാലെ ഡിസിസി ഭാരവാഹിയായ നെൽസൺ സെബാസ്റ്റ്യനെ പ്രാദേശിക കോൺഗ്രസ് നേതൃത്വം വിമത സ്ഥാനാർഥിയായി പ്രഖ്യാപിച്ചിരുന്നു. പിന്നീട് നേതൃത്വം ഇടപെട്ടതോടെ നെൽസൺ മത്സരരംഗത്തു നിന്ന് പിൻമാറുകയായിരുന്നു. ഇതോടെയാണ് സഞ്ജയ് ഖാൻ ഒറ്റയ്ക്ക് മത്സരിക്കുമെന്ന് പ്രഖ്യാപിച്ചത്. ലീഗ് സ്ഥാനാർഥിയെ അംഗീകരിക്കാൻ കഴിയില്ലെന്നും നാമനിർദ്ദേശ പത്രിക നൽകുമെന്നുമായിരുന്നു സഞ്ജയ് ഖാൻറെ നിലപാട്. തുടർന്ന് കെ. സി. വേണുഗോപാൽ വിഷയത്തിൽ ഇടപെടുകയായിരുന്നു.

# വെള്ളാപ്പള്ളിക്ക് ആശ്വാസം; അയോഗ്യനാക്കിയ ഉത്തരവ് സ്റ്റേ ചെയ്ത് ഡിവിഷൻ ബെഞ്ച്

കൊച്ചി: വെള്ളപ്പള്ളി നടേശനെയും എസ്എൻഡിപി ഭാരവാഹികളെയും അയോഗ്യരാക്കിയ ഹൈക്കോടതി ഉത്തരവ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തു. സിംഗിൾ ബെഞ്ചിൻറെ ഉത്തരവ് ആണ് ഡിവിഷൻ ബെഞ്ച് സ്റ്റേ ചെയ്തത്. കേസിലെ എതിർകക്ഷികൾക്കു ഹൈക്കോടതി നോട്ടീസ് അയച്ചു. അപ്പീലിൽ വിശദമായ വാദം കേൾക്കാമെന്നും കോടതി അറിയിച്ചു.

അന്തിമ വിധി ഉണ്ടാകുന്നത് വരെ വെള്ളാപ്പള്ളി അടക്കമുള്ള ഭാരവാഹികൾക്കു തത്സ്ഥാനത്തു തുടരാമെന്നാണ് ഹൈക്കോടതി വ്യക്തമാക്കിയിരിക്കുന്നത്. കമ്പനി നിയമത്തിലെ ലംഘനം ചൂണ്ടിക്കാട്ടി ആയിരുന്നു എസ്എൻഡിപി ഭാരവാഹികളെ അയോഗ്യരാക്കി ജസ്റ്റീസ് ടി.ആർ. രവി വിധി പറഞ്ഞത്.

എം.കെ. സാനു ഉൾപ്പെടെയുള്ളവർ നൽകിയ ഹർജിയിൽ ആയിരുന്നു നിർണായക വിധി. ഈ ഉത്തരവ് സ്റ്റേ ചെയ്യണം എന്നായിരുന്നു വെള്ളാപ്പള്ളിയുടെ ആവശ്യം. അടിന്തരമായി സ്റ്റേയുടെ ആവശ്യമില്ലെന്ന് ആയിരുന്നു അപ്പീൽ പരിഗണിച്ച് ചീഫ് ജസ്റ്റീസ് അധ്യക്ഷനായ ബെഞ്ച് കഴിഞ്ഞ വ്യാഴാഴ്ച നിരീക്ഷിച്ചിരുന്നത്.

# കോമാളി പ്രയോഗം; തോമസ് ഐസക് മാപ്പ് പറയേണ്ട ആവശ്യമില്ല : രമേഷ് പിഷാരടി

പാലക്കാട്: കോമാളി പ്രയോഗത്തിൽ തോമസ് ഐസക് ഖേദം പ്രകടിപ്പിച്ചതിനു പിന്നാലെ പ്രതികരണവുമായി പാലക്കാട്ടെ യുഡിഎഫ് സ്ഥാനാർഥി രമേഷ് പിഷാരടി. തോമസ് ഐസക് തന്നോട് ക്ഷാമാപണം നടത്തേണ്ടിയിരുന്നില്ല. അദ്ദേഹത്തിൻറെ പരാമർശം തനിക്ക് മനോവിഷമം ഉണ്ടാക്കിയിട്ടില്ല.

പലസ്തീൻ വിഷയത്തിൽ താൻ സംസാരിച്ചതിൻറെ ചെറിയ റീലുകളാണ് പ്രചരിപ്പിക്കുന്നത്. ചിലർ താൻ അര സംഘിയാണെന്നു പറഞ്ഞു. ഒരു സംഘിയെന്ന് പറഞ്ഞില്ലല്ലോയെന്നും അദ്ദേഹം ചോദിച്ചു. മുകേഷിനുവേണ്ടിയും ഇന്നസെൻറിനുവേണ്ടിയും പ്രചാരണത്തിന് പോയിട്ടുണ്ട്.അതെല്ലാം തപ്പി എടുക്കട്ടെ. ചെളിവാരി എറിയുന്ന രാഷ്ട്രീയത്തിൽ നിന്നും താൻ മാറി നിൽക്കുകയാണ്. തോമസ് ഐസകിനെ താൻ ഏറെ ബഹുമാനിക്കുന്നുണ്ട്. അതിനാൽ അദ്ദേഹം മാപ്പ് പറയേണ്ട കാര്യമില്ലെന്നും പിഷാരടി പറഞ്ഞു.

# അപേക്ഷ ക്ഷണിക്കുന്നു

കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാലയിൽ (കുഫോസ്) 2026 -27 അദ്ധ്യയന വർഷത്തിലെ ബിരുദാനന്തര ബിരുദം, പി.എച്ച്.ഡി. എന്നീ പഠന പദ്ധതികളിലേക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിക്കുന്നു.

കുഫോസിൽ ഫിഷറീസ്, സമുദ്രശാസ്ത്രം, എന്നീ- മേഖലകളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ 2026 - 27 വർഷത്തിൽ നടത്തുന്ന എം.എഫ്.എസ്.സി (9 വിഷയം), എം.എസ് .സി ( 11 വിഷയം ), എൽ. എൽ .എം, എം.ബി.എ, എം.ടെക് (6 വിഷയം ), പി .എച്ച് .ഡി(ഫാക്കൽറ്റി ഓഫ് ഫിഷറീസ് സയൻസ്, ഫാക്കൽറ്റി ഓഫ് ഓഷ്യൻ സയൻസ് ആൻഡ് ടെക്നോളജി, ഫാക്കൽറ്റി ഓഫ് ഫിഷറീസ് മാനേജ്മന്റ്, ഫാക്കൽറ്റി ഓഫ് ഫിഷറീസ് എഞ്ചിനീയറിംഗ് ) എന്നീ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിന് വിജ്ഞാപനം പുറപ്പെടുവിച്ചു.

ഓൺലൈൻ ആയിട്ടാണ് അപേക്ഷ സമർപ്പിക്കേണ്ടത്. ഇതിനായി 'www.admission.kufos.ac.in" വെബ്സൈറ്റ് സന്ദർശിക്കുക. എല്ലാ ബിരുദാനന്തര ബിരുദ കോഴ്സുകളിലും രണ്ടു സീറ്റുകൾ എൻ.ആർ. ഐ (NRI) വിഭാഗക്കാർക്കായി മാറ്റിവെച്ചിരിക്കുന്നു . ഈ ക്വാട്ടയിൽ അപേക്ഷിക്കുന്നവരും ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കേണ്ടതാണ്. കോഴ്സുകൾ, ഫീസ്, സീറ്റുകളുടെ എണ്ണം എന്നീ വിവരങ്ങൾക്ക് www.kufos.ac.in എന്ന വെബ്സൈറ്റിൽ നൽകിയിരിക്കുന്ന പ്രോസ്പെക്ടസ് 2026-27 കാണുക. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 21.04.2026.

# കളമശേരിയിൽ 23കാരിയെ ആക്രമിച്ച് കവർച്ച: പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും

കൊച്ചി: കളമശേരിയിൽ യുവതിയെ ക്രൂരമായി ആക്രമിച്ച് സ്വർണവും മൊബൈൽ ഫോണും കവർന്ന കേസിൽ അറസ്റ്റിലായ പ്രതിയെ ഇന്ന് കോടതിയിൽ ഹാജരാക്കും.

കേസുമായി ബന്ധപ്പെട്ട് പാലക്കാട് സ്വദേശിയെയാണ് കളമശേരി പോലീസ് ഇൻസ്പെക്ടർ ഇ.ആർ. ബൈജു, എസ്ഐ സെബാസ്റ്റ്യൻ പി. ചാക്കോ എന്നിവരുടെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്.

കഴിഞ്ഞ 15 ന് രാത്രിയാണ് ജോലികഴിഞ്ഞ് വരുന്നതിനിടയിൽ എച്ച്എംടി ജംഗ്ഷന് സമീപത്ത് വച്ച് യുവതി ആക്രമിക്കപ്പെട്ടത്. മുഖത്ത് മുണ്ടിട്ട് മൂടി ആക്രമിക്കുകയായിരുന്നു.യുവതിയുടെ കൈയിലുണ്ടായിരുന്ന സ്വർണവും മൊബൈൽ ഫോണും പ്രതി മോഷ്ടിച്ച് കടന്നു കളഞ്ഞു. തുടർന്ന് പോലീസ് നടത്തിയ അന്വേഷണത്തിലാണ് ഇന്നലെ രാത്രി പ്രതി പിടിയിലായത്.

പ്രതിയെ കണ്ടെത്തുന്നതിനായി 200ലധികം സിസിടിവി ദൃശ്യങ്ങളാണ് പോലീസ് പരിശോധിച്ചത്. കേസിൽ കൂടുതൽ പ്രതികളില്ല. പ്രതി കുറ്റകൃത്യം നടത്തിയ സമയത്ത് ഉപയോഗിച്ച വണ്ടി കണ്ടെത്തിയിട്ടുണ്ട്. അതേസമയം മോഷ്ടിച്ച ആഭരണങ്ങൾ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇവ കണ്ടെത്തുന്നതിനായി പോലീസ് വിശദമായ അന്വേഷണം നടത്തിവരുകയാണ്.

പ്രതിയെ കുറിച്ച് കൂടുതൽ വിവരങ്ങൾ പുറത്തുവിട്ടിട്ടില്ല. ഇന്ന് തിരിച്ചറിയൽ പരേഡിനു ശേഷമാകും കൂടുതൽ വിവരങ്ങൾ പുറത്തു വിടുകയെന്ന് പോലീസ് പറഞ്ഞു.

# ചെറ്റത്തരം എന്ന വാക്കിൻറെ അർഥം അൽപ്പത്തം; മുഖ്യമന്ത്രിയെ ന്യായീകരിച്ച് എ.കെ.ബാലൻ

തിരുവനന്തപുരം: ജി.സുധാകരനെതിരെ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ ചെറ്റത്തരം പ്രയോഗത്തിൽ ന്യായീകരണവുമായി എ.കെ.ബാലൻ. ചെറ്റത്തരം എന്ന വാക്കിന് ഇംഗ്ലീഷ്, മലയാളം നിഘണ്ടുവിൽ അർത്ഥമായി പറയുന്നത് അൽപ്പത്തം, ഹീനത എന്നിങ്ങനെയാണ്.അൽപ്പത്തം നിറഞ്ഞ പെരുമാറ്റമായിപ്പോയി ജി.സുധാകരൻറേത് എന്നാണ് മുഖ്യമന്ത്രി പറഞ്ഞതെന്നും ബാലൻ വിശദീകരിച്ചു. ചെറ്റത്തരമെന്ന മുഖ്യമന്ത്രിയുടെ പ്രയോഗം ചർച്ചയാക്കേണ്ടേ കാര്യമില്ല. മുഖ്യമന്ത്രി ജി. സുധാകരനെ ചെറ്റയെന്ന് വിളിച്ചിട്ടില്ല. ചെറ്റത്തരമെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്.വഞ്ചന നിറഞ്ഞ സമീപനം ജി. സുധാകരൻ സ്വീകരിച്ചപ്പോൾ ഉചിതമായ വാക്ക് മുഖ്യമന്ത്രി ഉപയോഗിച്ചു. സുധാകരൻ അധഃപതിച്ച് പോയതിൽ വിഷമമുണ്ട്. കോൺഗ്രസിൽ ചേർന്നത് കൊണ്ടാണ് ജി. സുധാകരൻ ഉത്തമനായ കമ്യൂണിസ്റ്റായി പ്രതിപക്ഷ നേതാവിന് തോന്നിയതെന്നും ബാലൻ പറഞ്ഞു.

# ബിജെപിക്കാർ മതത്തെക്കുറിച്ച് പറഞ്ഞാൽ വിദ്വേഷം; മറ്റുള്ളവർ പറഞ്ഞാൽ മതേതരം: രാജീവ് ചന്ദ്രശേഖർ

തിരുവനന്തപുരം: ഗുരുവായൂരിൽ വർഷങ്ങളായി ഹിന്ദു എംഎൽഎയില്ല എന്ന ബി. ഗോപാലകൃഷ്ണൻറെ പരാമർശത്തെ പിന്തുണച്ച് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. ഗോപാലകൃഷ്ണൻ പറഞ്ഞതിൽ എന്താണ് തെറ്റ്. ശബരിമല ക്കൊള്ള നടക്കുന്നു.

ഗുരുവായൂരിൽ നിന്ന് പണം കാണാതാകുന്നു. ഇതിൻറെ പശ്ചാത്തലത്തിൽ ഗുരുവായൂരിൽ വിശ്വാസിയായ ഒരു എംഎൽഎ ഉണ്ടാകണമെന്ന് പറഞ്ഞതിൽ എന്താണ് തെറ്റ്. ബിജെപിക്കാർ മതത്തെക്കുറിച്ച് പറഞ്ഞാൽ വിദ്വേഷം. മറ്റുള്ളവർ പറഞ്ഞാൽ മതേതരം.

മതമാണ് മതമാണ് എന്നൊക്കെ പാടി നടക്കുന്നവർ സെക്കുലറാണെന്ന് താൻ വിശ്വസിക്കുന്നില്ലെന്ന് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. അതേസമയം വിദ്വേഷ പരാമർശത്തിൻറെ പേരിൽ പോലീസ് ഗോപാലകൃഷ്ണനെതിരെ കേസെടുത്തു.

തെരഞ്ഞെടുപ്പ് കമ്മീഷൻറെ നിർദ്ദേശപ്രകാരമായിരുന്നു നടപടി. ഗുരുവായൂർ ടെമ്പിൾ പോലീസാണ് കേസെടുത്തത്. ഗുരുവായൂർ മണ്ഡലം ഭരണാധികാരി എസ്.ഷീബ നൽകിയ പരാതിയിലാണ് ഗോപാലകൃഷ്ണനെതിരെ എഫ്ഐആർ ചുമത്തിയത്.

# ടെക്നിക്കൽ ഹൈസ്കൂൾ പ്രവേശനം

എട്ടാം ക്ലാസ്സ് മുതൽ കുട്ടികൾക്ക് എൻജിനീയറിങ് വിദ്യാഭ്യാസം നൽകുന്ന നെടുമങ്ങാട് സർക്കാർ ടെക്നിക്കൽ ഹൈസ്കൂളിലെ 90 സീറ്റിലേയ്ക്കുള്ള പ്രവേശനത്തിന് ഓൺലൈനായി ഏപ്രിൽ 6 വരെ അപേക്ഷിക്കാം. പൊതുവിദ്യാഭ്യാസത്തോടോപ്പം 6 സ്പെഷ്യലിസ്റ്റ് ട്രേഡുകളിലേക്ക് (ഫിറ്റിങ്, വെൽഡിങ്, ഇലക്ട്രിക്കൽ, ആട്ടോമൊബൈൽ, ടേണിങ് & ഇലക്ട്രോപ്ലേറ്റിംഗ്) പഠിക്കാൻ അവസരം. www.polyadmission.org/ths ലൂടെ കുട്ടിയുടെ പേര്, രക്ഷിതാവിന്റെ പേര്, മേൽവിലാസം, പിൻ കോഡ്, മൊബൈൽഫോൺ നമ്പർ, ആധാർ നമ്പർ, ജനന തീയതി, നാഷണലിറ്റിയും, ജില്ലയും, സംവരണ/ ഭിന്നശേഷിവിവരങ്ങളും, വിദ്യാഭ്യാസയോഗ്യത (ഏഴാം ക്ലാസ് സി.ബി.എസ്.ഇ/ പൊതുവിദ്യാഭ്യാസം/ ഐ.സി.എസ്.ഇ., ഓപ്പൺ സ്കൂൾ, മറ്റും, ജയിച്ച വർഷം, എത്രാമത്തെ അവസരത്തിൽ പാസ്സായി) എന്നിവ നൽകി ഏപ്രിൽ 6 വരെ ഓൺലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾക്ക്: 9846170024, 7907788350, 9446686362, 9645814820, 7907938093, 9645888216, 6235762545.

# സമ്മർ കോച്ചിംഗ് ക്യാമ്പ്

സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ കായികയിനങ്ങളിൽ ഏപ്രിൽ 6 മുതൽ മെയ് 20 വരെ സമ്മർ കോച്ചിംഗ് ക്യാമ്പ് സംഘടിപ്പിക്കുന്നു. തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയം, ശംഖുമുഖം ജി.വി.രാജ, ഇൻഡോർ സ്റ്റേഡിയം, ഡോ. ബി. ആർ. അംബേദ്കർ ഇന്റർനാഷണൽ സ്വിമ്മിംഗ് പൂൾ, പിരപ്പൻകോട് എന്നിവടങ്ങളിലാണ് ക്യാമ്പ്. അത്‌ലറ്റിക്സ്, ബാസ്ക്കറ്റ് ബോൾ, ഫുട്ബോൾ, ഹാൻഡ്ബോൾ, കരാട്ടെ, ഗുസ്തി, ബോക്സിംഗ്, ക്രിക്കറ്റ്, ബേസ്ബോൾ, ബാഡ്മിന്റൺ, നീന്തൽ എന്നീ കായിക ഇനങ്ങളുടെ പരിശീലന ക്യാമ്പാണ്നടത്തുന്നത്. 8 വയസ്സ് മുതൽ 17 വയസ്സുവരെയുള്ള കുട്ടികൾക്കാണ് പ്രവേശനം. വിശദവിവരങ്ങൾക്ക്: 0471-2330167

# ഫാർമസി കോഴ്സ് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം, കോഴിക്കോട് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ കോളേജുകളിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഫാർമസി (ഹോമിയോ) കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രോസ്പെക്ടസ്സ് ०००.ഹയരെലിന്ദ്രേ.സല്യമഹമ.ഴീ.ശി ൽ ലഭ്യമാണ്. മാർച്ച് 25 മുതൽ ഏപ്രിൽ 20 വരെ കേരളത്തിലെ എല്ലാ ഫെഡറൽ ബാങ്കിന്റെ ശാഖകളിലും ഓൺലൈനായും അപേക്ഷാഫീസ് ഒടുക്കാം. അപേക്ഷാഫീസ് ഒടുക്കിയതിനു ശേഷം ലഭിക്കുന്ന ചെല്ലാൻ നമ്പറും, അപേക്ഷാ നമ്പരും, ഉപയോഗിച്ച് അപേക്ഷകർക്ക് ഏപ്രിൽ 22 വൈകിട്ട് 5 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. അപേക്ഷാഫീസ് പൊതുവിഭാഗത്തിന് 400 രൂപയും പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിന് 200 രൂപയുമാണ്. അപേക്ഷകർ അംഗീകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും സംസ്ഥാന ബോർഡുകൾ നടത്തിവരുന്ന എസ്.എസ്.എൽ.സി യോ തത്തുല്ല്യ പരീക്ഷയോ മിനിമം 50 ശതമാനം മാർക്കോടെ പാസ്സായിരിക്കണം. അപേക്ഷാർത്ഥികളുടെ ഉയർന്ന പ്രായപരിധി 33 വയസ്സാണ്. അപേക്ഷകർക്ക് 01-01-2026 ന് 17 വയസ്സ് പൂർത്തിയായിരിക്കണം. സർവ്വീസ് ക്വാട്ടയിലേയ്ക്കുള്ള അപേക്ഷാർത്ഥികൾക്ക് 48 വയസ്സാണ്. കൂടുതൽ വിവരങ്ങൾക്ക്: 0471-2560361, 362, 363, 364, www.lbscentre.kerala.gov.in.

# ബാലഭവനിൽ വേനലവധി ക്ലാസുകൾ

കേരള സ്റ്റേറ്റ് ജവഹർ ബാലഭവനിൽ 'കളിമുറ്റം' മധ്യ വേനലവധിക്കാല ക്ലാസുകൾ ഏപ്രിൽ- മേയ് മാസങ്ങളിൽ നടക്കും. 4 വയസ് മുതൽ 16 വയസ് വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാം. എയ്റോമോഡലിംഗ്, സംഗീതം, നൃത്തം, അബാക്കസ്, ഗിറ്റാർ, വയലിൻ, തബല, കീബോർഡ്, നാടകം, ക്രാഫ്റ്റ്, യോഗ, ചിത്രരചന തുടങ്ങി 26 വിഷയങ്ങളിൽ പരിശീലനം നൽകും. വാഹന സൗകര്യമുണ്ട്. രജിസ്ട്രേഷനും വിശദവിവരങ്ങൾക്കും: 8590774386, 2316477.

# മൂന്നു കാറിൽ സ്പിരിറ്റ്, പോലീസിനെ ഇടിക്കാൻ ശ്രമം, ഒരു കാർ പോലീസ് പിടികൂടി

നീലേശ്വരം: ഇന്നോവ കാറിൽ കടത്തിയ 1200 ലിറ്റർ സ്പിരിറ്റുമായി രണ്ടുപേരെ നീലേശ്വരം എസ് ഐ ജിജിഷ്ണുവും സംഘവും അറസ്റ്റ് ചെയ്തു. തൃശ്ശൂർ പുനയൂർ സൗത്തിൽ അറക്കെ പറമ്പിൽ എഎച്ച് അൻസിഫ് (40 )മഞ്ചേശ്വരം കുഞ്ചത്തൂർ മല്ലികേശ്വര ടെമ്പിളിനു സമീപം താമസിക്കുന്ന ഗിരീഷ് ( 39 ) എന്നിവരെയാണ് പോലീസ് അറസ്റ്റ് ചെയ്തത്.ഇവരിൽനിന്നു 34 കാനുകളിലെ സൂക്ഷിച്ച 1200 ലിറ്റർ സ്പിരിറ്റ് ആണ് പിടികൂടിയത്. ഇന്നലെ രാത്രി നെടുങ്കണ്ട വളവിൽ വച്ചാണ് പോലീസ് കെഎൽ 14 ക്യൂ.60 62 നമ്പർ കാറിൽ നിന്നു സ്പിരിറ് പിടികൂടിയത്. മൂന്നു കാറുകളിലായാണ് സ്പിരിറ്റ് എത്തിയത് മറ്റു രണ്ടു കാറുകളും പോലീസിനെ കണ്ട് രക്ഷപ്പെട്ടു.

സ്പിരിറ്റിൽ പിടികൂടാനുള്ള ശ്രമത്തിനിടയിൽ പോലീസ് ജീപ്പ് ഇടിച്ചു തെറിപ്പിക്കാനും ശ്രമമുണ്ടായി. എസ് ഐ ജിഷ്ണുവിന് പുറമേ എസ് ഐ ടി വി രാജേഷ് കുമാർ , എൻ എം രമേശൻ , പോലീസ് ഉദ്യോഗസ്ഥരായ എൻ സുനീഷ്, ദിലീഷ് കുമാർ പള്ളിക്കൈ, സുമേഷ് ബേഡുർ , സന്തോഷ് പാണപ്പുഴ, ബാബു കാഞ്ഞങ്ങാട്, ബിജു ചന്തേര . സന്തോഷ്ചേയംങ്കോട് , പ്രമോദ് എന്നിവരും സ്പിരിറ്റ് പിടികൂടിയ സംഘത്തിൽ ഉണ്ടായിരുന്നു.

# പശ്ചിമേഷ്യൻ സംഘർഷം; രാഷ്ട്ര തലവന്മാരുമായി സംസാരിക്കുന്നുണ്ടെന്ന് പ്രധാനമന്ത്രി

ന്യൂഡൽഹി: പശ്ചിമേഷ്യയിലെ സംഘർഷം ആശങ്കാജനകമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യുദ്ധത്തിനെതിരെ ഇന്ത്യ ഒറ്റക്കെട്ടായി സന്ദേശം നൽകണമെന്നും രാഷ്ട്ര തലവന്മാരുമായി സംസാരിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി ലോക്സഭയിൽ പറഞ്ഞു. ലോകസാമ്പത്തിക മേഖലയ്ക്ക് തന്നെ വെല്ലുവിളിയാണ് ഈ സംഘർഷം.

ഇന്ത്യയുമായി വ്യാപാര ബന്ധമുള്ള രാജ്യങ്ങളിലെ സംഘർഷം അപ്രതീക്ഷിത വെല്ലുവിളിയാണ് ഉണ്ടാക്കുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. പശ്ചിമേഷ്യയിലെ വിവിധ രാഷ്ട്രത്തലവൻമാരുമായി ആശയവിനിമയം നടത്തുന്നുണ്ട്. ആ രാജ്യങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യക്കാർക്കും വിനോദസഞ്ചാരികൾക്കും സഹായം എത്തിച്ചുകൊണ്ടിരിക്കുകയാണ്.

സംഘർഷത്തിൻറെ സാഹചര്യത്തിൽ ദേശത്തും വിദേശത്തുമുള്ള പൗരൻമാരുടെ സുരക്ഷയ്ക്കാണ് പ്രഥമപരിഗണന. മൂന്നാഴ്ചയായി യുദ്ധം തുടരുകയാണ്. ലോക സാമ്പത്തിക വ്യവസ്ഥയിലും ജനങ്ങളിലും യുദ്ധം ബാധിക്കുന്നുണ്ട്. യുദ്ധം നടക്കുന്ന മേഖലയുമായി ഇന്ത്യയ്ക്ക് നല്ല വ്യാപാര ബന്ധമുണ്ട്.

ഇന്ത്യയിലേക്ക് വരുന്ന ക്രൂഡ് ഓയിലിൽ വലിയൊരു ഭാഗം ഈ മേഖലയിൽ നിന്നാണ്. ഒരു കോടി ഇന്ത്യക്കാർ ഈ മേഖലയിലുണ്ട്. കപ്പലുകളിലും നിരവധി ഇന്ത്യൻ പൗരൻമാരുണ്ട്. ഇന്ത്യൻ എംബസികൾ അവിടെയുള്ള പൗരന്മാർക്ക് എല്ലാ സഹായവും നൽകുന്നുണ്ട്.

ഹോർമുസ് കടലിടുക്കിലെ സംഘർഷം കാരണം അതുവഴിയുള്ള ചരക്കു നീക്കം പ്രതിസന്ധിയിലാണ്. 60 ശതമാനം പെട്രോളിയവും ഇറക്കുമതി ചെയ്യുന്നതാണ്. എൽപിജിയുടെ ക്ഷാമം കാരണം രാജ്യത്ത് എൽപിജി ഗാർഹികാവശ്യത്തിന് മാത്രമാണ് നൽകുന്നത്.

ഇന്ത്യയിലെ എൽപിജി ഉദ്പാദനവും വർധിപ്പിച്ചിട്ടുണ്ട്. രാജ്യത്ത് പെട്രോളിയം റിസർവും ഉണ്ട്. മറ്റ് രാജ്യങ്ങളിലെ എണ്ണ ഉത്പാദകരുമായും ബന്ധപ്പെടുന്നുണ്ട്. ഊർജ പ്രതിസന്ധി പരിഹരിക്കാൻ സർക്കാർ ശ്രമം നടത്തുന്നുണ്ട്. 41 രാജ്യങ്ങളിൽനിന്ന് ഊർജം ഇറക്കുമതി ചെയ്യുന്നുണ്ട്.

പശ്ചിമേഷ്യയിൽ സമാധാനം ഉറപ്പുവരുത്താൻ ഇന്ത്യ നയതന്ത്ര മാർഗങ്ങളിലൂടെ ശ്രമിച്ചു. എന്നാൽ വാണിജ്യ കപ്പലുകൾക്കു നേരെയുള്ള ആക്രമണവും ഹോർമുസിലൂടെയുള്ള ഗതാഗതം തടസപ്പെടുന്നതും അംഗീകരിക്കാനാവില്ലെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

# മഹാരാഷ്ട്രയിൽ കുരങ്ങൻെറ കഴുത്തിൽ അമ്പ് തുളച്ചുകയറി; നാലു ദിവസത്തിനുള്ളിൽ രണ്ടാമത്തെ ആക്രമണം

മുംബൈ: മഹാരാഷ്ട്രയിലെ താനെയിൽ ഒരു കുരങ്ങൻറെ കഴുത്തിലും താടിയെല്ലിലും അമ്പ് തുളച്ചുകയറിയതായി കണ്ടെത്തി. നാലു ദിവസത്തിനുള്ളിൽ ഈ പ്രദേശത്തെ രണ്ടാമത്തെ ആക്രമണമാണിത്. സംഭവത്തിൽ വനംവകുപ്പ് ഉദ്യോഗസ്ഥർ കേസെടുത്തിട്ടുണ്ട്.

പരിക്കേറ്റ ബോണറ്റ് മക്കാക് ഇനത്തിൽപ്പെട്ട കുരങ്ങനെ സമീപവാസികളാണ് ആദ്യം കാണുന്നത്. സംഭവം അറിഞ്ഞയുടൻ സ്ഥലത്തെത്തിയ വനംവകുപ്പ് ഉദ്യോഗസ്ഥർ 10 മിനിറ്റിനുള്ളിൽ കുരങ്ങനെ പിടികൂടി ആശുപത്രിയിൽ എത്തിച്ചു. കഴുത്തിലൂടെ തുളച്ചുകയറിയ അമ്പ് താടിയെല്ലിനു സമീപത്തുകൂടിയാണ് പുറത്തേക്കു പോയത്. ഐസിയുവിലേക്കു മാറ്റിയിരിക്കുന്ന കുരങ്ങൻ മൃഗഡോക്ടർമാരുടെ നിരീക്ഷണത്തിലാണ്.

വേട്ടക്കാരൻറെ ആക്രമണമാകാം ഇതെന്നു വനംവകുപ്പ് ഉദ്യോഗസ്ഥർ സംശയിക്കുന്നു. പ്രതിയെ കണ്ടെത്താനുള്ള അന്വേഷണങ്ങൾ നടന്നുവരികയാണ്. നാലു ദിവസങ്ങൾക്കു മുമ്പും ഒരു കുരങ്ങനെ പരിക്കേറ്റ നിലയിൽ കണ്ടെത്തിയിരുന്നു. ആ സംഭവത്തിൽ കുരങ്ങൻറെ വയറ്റിലായിരുന്നു അമ്പ് തുളച്ചുകയറിയത്.

# ഇസ്രയേൽ-ഗാസ യുദ്ധത്തിൽ പരിസ്ഥിതിക്കേറ്റത് കനത്ത ആഘാതം; പുറന്തള്ളിയത് 3.3 കോടി ടൺ കാർബൺ

ലണ്ടൻ: ഇസ്രയേൽ-ഗാസ യുദ്ധം പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നതായി ഗവേഷകർ. യുദ്ധവുമായി ബന്ധപ്പെട്ട സൈനിക നടപടികളും നിർമാണ പ്രവർത്തനങ്ങളും വഴി ഏകദേശം 3.3 കോടി ടൺ കാർബൺ ഡൈ ഓക്സൈഡിനു തുല്യമായ വാതകങ്ങൾ അന്തരീക്ഷത്തിൽ കലർന്നതായി ഗവേഷകർ വെളിപ്പെടുത്തുന്നു. വൺ എർത്ത്- എന്ന ശാസ്ത്ര ജേണലാണു ഞെട്ടിക്കുന്ന പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചത്.

ക്വീൻ മേരി യൂണിവേഴ്സിറ്റി ഓഫ് ലണ്ടനിലെയും ലങ്കാസ്റ്റർ യൂണിവേഴ്സിറ്റിയിലെയും ഗവേഷകരാണു പഠനം നടത്തിയത്. യുദ്ധകാലയളവിൽ ഉണ്ടായ കാർബൺ പുറന്തള്ളൽ ജോർദാൻ എന്ന രാജ്യം ഒരു വർഷം പുറത്തുവിടുന്ന മലിനീകരണത്തിനു തുല്യമാണെന്നും ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.

ഏകദേശം 76 ലക്ഷം പെട്രോൾ കാറുകൾ ഒരു വർഷം ഓടുമ്പോഴുണ്ടാകുന്ന മലിനീകരണത്തിനു സമാനമാണിത്. 3.3 കോടി ഏക്കർ വനഭൂമിക്ക് ഒരു വർഷം കൊണ്ട് ആഗിരണം ചെയ്യാവുന്നത്രയും കാർബൺ ആണിതെന്നും ഗവേഷകർ ചൂണ്ടിക്കാണിക്കുന്നു.

സൈനിക നടപടി പതിമൂന്ന് ലക്ഷം ടണ്ണിലധികം കാർബൺ പുറന്തള്ളലിനു കാരണമായിട്ടുണ്ട്. മിസൈലുകൾ, റോക്കറ്റുകൾ, മറ്റ് അത്യാധുനിക യുദ്ധോപകരണങ്ങൾ എന്നിവയുടെ ഉപയോഗം ഉൾപ്പെടെയാണിത്. കൂടാതെ, പ്രതിരോധ സംവിധാനങ്ങളുടെ നിർമാണം, തകർന്ന റോഡുകളുടെയും കെട്ടിടങ്ങളുടെയും പുനർനിർമാണം എന്നിവയും അന്തരീക്ഷത്തിലെ കാർബൺ തോത് വർധിപ്പിക്കാൻ കാരണമായി.

അന്താരാഷ്ട്രതലത്തിൽ ഇത്തരം മലിനീകരണ കണക്കുകൾ സുതാര്യമാക്കണമെന്നാണ് ഗവേഷകരുടെ ആവശ്യം. യുദ്ധങ്ങൾ മനുഷ്യജീവനും സാമ്പത്തിക വ്യവസ്ഥയ്ക്കും ഉണ്ടാക്കുന്ന ആഘാതം ചർച്ച ചെയ്യപ്പെടാറുണ്ടെങ്കിലും, അവയുണ്ടാക്കുന്ന പരിസ്ഥിതിനാശം പലപ്പോഴും അവഗണിക്കപ്പെടുകയാണെന്ന് മുഖ്യ ഗവേഷകൻ ബെഞ്ചമിൻ നെയ്മാർക്ക് പറഞ്ഞു. ഐക്യരാഷ്ട്രസഭയുടെ കാലാവസ്ഥാ റിപ്പോർട്ടുകളിൽ പോലും സൈനിക മേഖലയിൽനിന്നുള്ള കാർബൺ പുറന്തള്ളൽ കൃത്യമായി രേഖപ്പെടുത്താറില്ലെന്നും ഗവേഷസംഘം.

# മലയാളി നഴ്സ് സൗദിയിൽ അന്തരിച്ചു

റിയാദ്: സൗദി അറേബ്യയിലെ ജിസാനിൽ മലയാളി നേഴ്സ് അന്തരിച്ചു. ശ്വാസകോശ രോഗത്തെ തുടർന്ന് ജിസാനിലെ സൗദി ആംഡ് ഫോഴ്സസ് ആശുപത്രിയിൽ ചികിത്സയിലായിരുന്ന ഷെർളി ഡേവിഡ് ജേക്കബ് (34) ആണ് മരിച്ചത്. പത്തനംതിട്ട റാന്നി സ്വദേശിനിയാണ്. അസുഖം ഗുരുതരമായതിനെ തുടർന്ന് ഈ മാസം അഞ്ചു മുതൽ ആശുപത്രിയിലെ തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലായിരുന്നു. ചികിത്സയിലായിരിക്കെ ഹൃദയാഘാതമുണ്ടാവുകയും ആരോഗ്യനില കൂടുതൽ മോശമാവുകയും ചെയ്തതോടെ ഇന്നലെ വൈകിട്ട് മരണം സംഭവിക്കുകയായിരുന്നു. അബഹ അൽഹയാത്ത് ആശുപത്രിയിൽ നഴ്സായ സഹോദരി ഷൈനി ഡേവിഡ് ആശുപത്രിയിൽ ഷെർലിക്കൊപ്പമുണ്ടായിരുന്നു. കഴിഞ്ഞ എട്ട് വർഷത്തിലധികമായി ഷെർളി ജിസാനിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്തുവരികയായിരുന്നു. ഭർത്താവ് ജോബിൻ നാട്ടിലാണ്. ഷെർളിയുടെ മൃതദേഹം നാട്ടിലേക്കയക്കാനുള്ള നിയമനടപടികൾ ആരംഭിച്ചതായി ഷൈനി അറിയിച്ചു. ജിസാനിലെ വിവിധ പ്രവാസി സംഘടനകൾ ഷെർളിയുടെ വിയോഗത്തിൽ അനുശോചിച്ചു.

# രോഗിയുമായി പോയ ആംബുലൻസ് ട്രക്കുമായി കൂട്ടിയിടിച്ച് ഏഴ് മരണം

ദിസ്പൂർ: ആസമിലെ സോണിത്പൂരിൽ രോഗിയുമായി പോയ ആംബുലൻസ് ട്രക്കുമായി കൂട്ടിയിടിച്ച് ഏഴ് പേർ മരിച്ചു, രണ്ട് പേർക്ക് പരിക്കേറ്റു. തേസ്പൂരിലെ ആശുപത്രിയിലേക്ക് പോവുകയായിരുന്ന ആംബുലൻസാണ് അപകടത്തിൽപ്പെട്ടത്.രോഗിയും കുടുംബവുമായിരുന്നു വാഹനത്തിൽ ഉണ്ടായിരുന്നത്. ഏഴു പേരും സംഭവസ്ഥലത്ത് വച്ച് തന്നെ മരിച്ചു. ഗുരുതരമായി പരിക്കേറ്റ രണ്ട് പേർ തേസ്പൂരിലെ ആശുപത്രിയിൽ ചികിത്സയിലാണ്.

സംഭവം നടന്ന ഉടൻ തന്നെ പോലീസും നാട്ടുകാരും സ്ഥലത്തെത്തി രക്ഷപ്രവർത്തനം നടത്തുകയും ഹൈവേയിൽ ഗതാഗതം പുനഃസ്ഥാപിക്കുകയും ചെയ്തു. മൃതദേഹങ്ങൾ പോസ്റ്റ്മോർട്ടത്തിന് ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

# ഇറാൻ മിസൈൽ ആക്രമണം കനത്തു; ചെറുക്കാൻ യുഎഇയും സൗദിയും

അബുദാബി/റിയാദ്: ഇറാൻറെ ഭാഗത്തുനിന്നുള്ള മിസൈൽ ഭീഷണി നേരിടുകയാണെന്നു യുഎഇ ദേശീയ ദുരന്തനിവാരണ അഥോറിറ്റി അറിയിച്ചു. രാജ്യത്തെ വ്യോമപ്രതിരോധസേന നിലവിൽ ആക്രമണങ്ങളെ ചെറുക്കുകയാണെന്നും ആളുകൾ സുരക്ഷിത സ്ഥാനങ്ങളിൽ തുടരണമെന്നും അധികൃതർ അറിയിച്ചു.

അതിനിടെ, ഇറാൻറെ ഒരു മിസൈൽ തകർത്തതായും മറ്റൊന്ന് ആൾവാസമില്ലാത്ത മേഖലയിൽ പതിച്ചതായും സൗദി പ്രതിരോധ മന്ത്രാലയം വ്യക്തമാക്കി. സൗദിയുടെ കിഴക്കൻ പ്രവിശ്യയിൽ എത്തിയ ഒരു ഡ്രോണും സൈന്യം വെടിവച്ചിട്ടു.

സൗദിക്കെതിരേയുണ്ടായ ഇറാൻ ആക്രമണത്തെ ഫ്രഞ്ച് പ്രസിഡൻറ് ഇമ്മാനുവൽ മാക്രോൺ അപലപിച്ചു. സൗദി കിരീടാവകാശി മുഹമ്മദ് ബിൻ സൽമാനെ ഫോണിൽ വിളിച്ചു ഫ്രാൻസ് തങ്ങളുടെ ഐക്യദാർഢ്യം അറിയിച്ചു. യുദ്ധം മറ്റു ഗൾഫ് രാജ്യങ്ങളിലേക്കും രൂക്ഷമായി വ്യാപിക്കുകയാണ്.

കുവൈറ്റിലും യുഎഇയിലും ഇറാൻറെ മിസൈൽ-ഡ്രോൺ ആക്രമണങ്ങളെ വ്യോമ പ്രതിരോധസേന തടഞ്ഞു. ബഹ്റിനിൽ അപായ സൈറണുകൾ മുഴങ്ങിയതായും റിപ്പോർട്ടുകളുണ്ട്.

# മഞ്ഞുമ്മൽ ബോയ്സ്; സാമ്പത്തിക തട്ടിപ്പുകേസ് റദ്ദാക്കണമെന്ന ആവശ്യം തള്ളി

ന്യൂഡൽഹി: മഞ്ഞുമ്മൽ ബോയ്സ് സിനിമയുമായി ബന്ധപ്പെട്ട സാമ്പത്തിക തട്ടിപ്പുക്കേസ് റദ്ദാക്കണമെന്ന ആവശ്യം സുപ്രീംകോടതി തള്ളി. അന്വേഷണത്തിലൂടെ മാത്രമേ തട്ടിപ്പ് നടന്നോയെന്ന് വ്യക്തമാവൂവെന്ന് കോടതി നിരീക്ഷിച്ചു.

ഈഘട്ടത്തിൽ എഫ്ഐആർ റദ്ദാക്കാൻ കഴിയില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. നിർമാതാക്കളിൽ ഒരാളായ ബാബു ഷാഹിർ ആണ് കേസ് റദ്ദാക്കണമെന്നാവശ്യപ്പെട്ട് സുപ്രീംകോടതിയെ സമീപിച്ചത്.

പരാതിയിൽ അന്വേഷണം നടന്നുവരികയാണെന്ന് കേസിലെ പരാതിക്കാരൻറെ അഭിഭാഷകർ കോടതിയെ അറിയിച്ചു. ഈ സാഹചര്യത്തിൽ കേസ് റദ്ദാക്കരുതെന്നും അവർ വാദിച്ചു. ജസ്റ്റീസ് കെ. വി. വിശ്വനാഥിൻറെ അധ്യക്ഷതയിലുള്ള ബെഞ്ചാണ് കേസിൽ പ്രതികളായ മഞ്ഞുമ്മൽ ബോയ്സ് സിനിമ നിർമാതാക്കളുടെ ആവശ്യം തള്ളിയത്.

# ആർജിസിബി എംഎസ് സി ബയോടെക്നോളജി പ്രോഗ്രാമിലേക്ക് അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം: കേന്ദ്ര ശാസ്ത്ര സാങ്കേതിക വകുപ്പിൻറെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനമായ രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജി (ബ്രിക്-ആർജിസിബി) 2026-28 അധ്യയന വർഷത്തേക്കുള്ള എംഎസ് സി ബയോടെക്നോളജി കോഴ്സിലേക്ക് പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഏഅംആ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളാണ് അപേക്ഷിക്കേണ്ടത്.

എംഎസ് സി ബയോടെക്നോളജിക്ക് ഡിസീസ് ബയോളജി, ജനറ്റിക് എഞ്ചിനീയറിംഗ് എന്നീ സ്പെഷ്യലൈസേഷനുകൾ ഉണ്ടായിരിക്കും. നാല് സെമസ്റ്ററുകളിലായി രണ്ട് വർഷമാണ് കോഴ്സ് കാലാവധി. ഒരു സ്പെഷ്യലൈസേഷനിൽ 10 വിദ്യാർത്ഥികൾ വീതം ആകെ 20 സീറ്റുകളാണുള്ളത്.

സാധുവായ ഒരു ഏഅംആ സ്കോറിന് പുറമേ, അപേക്ഷകർക്ക് യുജിസി മാനദണ്ഡങ്ങൾ അനുസരിച്ച് ലൈഫ് സയൻസ് അല്ലെങ്കിൽ മെഡിസിനിലെ ഏതെങ്കിലും ശാഖയിൽ ബാച്ചിലേഴ്സ് ബിരുദത്തിൽ 60 ശതമാനം മൊത്തം മാർക്ക് (അല്ലെങ്കിൽ തത്തുല്യമായ ഗ്രേഡ് പോയിൻറ് ശരാശരി) ഉണ്ടായിരിക്കണം. എസ് സി, എസ് ടി, ഒബിസി (നോൺ-ക്രീമിലെയർ), വികലാംഗ വിഭാഗങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് മൊത്തം മാർക്കിൽ അഞ്ച് ശതമാനം ഇളവ് ലഭിക്കും.കോഴ്സിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ആദ്യ വർഷം 6000 രൂപയും രണ്ടാം വർഷം 8000 രൂപയും പ്രതിമാസം സ്റ്റൈപ്പൻഡ് ലഭിക്കും. ആർജിസിബി കാമ്പസിൽ ഹോസ്റ്റൽ താമസ സൗകര്യം ലഭ്യമാണ്.

യോഗ്യതാ ബിരുദ കോഴ്സിൻറെ അവസാന വർഷ വിദ്യാർത്ഥികൾക്ക് പ്രവേശന സമയത്ത് അവരുടെ ബിരുദ പ്രോഗ്രാമിൽ ആവശ്യമായ മാർക്ക് നേടിയതിൻറെ തെളിവ് ഹാജരാക്കി അപേക്ഷിക്കാൻ അർഹതയുണ്ട്.

ഓരോ വിഭാഗത്തിനും നിശ്ചയിച്ചിട്ടുള്ള ഏഅംആ കട്ട്-ഓഫ് റാങ്ക്/സ്കോർ അടിസ്ഥാനമാക്കിയായിരിക്കും വിദ്യാർത്ഥികളുടെ അന്തിമ തിരഞ്ഞെടുപ്പ് നടത്തുക.

GAT-B ഫലം പുറത്തുവന്ന ഉടൻ തന്നെ എംഎസ് സി പ്രോഗ്രാമിലേക്ക് ഓൺലൈനായി അപേക്ഷിക്കാം. പ്രവേശന തീയതിയും കൗൺസിലിംഗ് പ്രക്രിയയും ആർജിസിബി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. ക്ലാസുകൾ 2026 ഓഗസ്റ്റ് 1 ന് ആരംഭിക്കും.

GAT-B പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2026 ഏപ്രിൽ 9 ആണ്. GAT-B യെ കുറിച്ച് കൂടുതൽ വിവരങ്ങൾക്ക്: https://rcb.res.in/DBTPG/, ആർജിസിബി എംഎസ് സി പ്രോഗ്രാം: https://rgcb.res.in/msc.

# സീറ്റ് ബുക്ക് ചെയ്തവരെ കയറ്റാതെ സ്വിഫ്റ്റ്; പ്രതിഷേധിച്ചതോടെ 40 കിലോമീറ്റർ തിരിച്ചോടിയെത്തി

കൊച്ചി: സീറ്റ് ബുക്ക് ചെയ്ത യാത്രക്കാരെ കയറ്റാതെ പോയി കെഎസ്ആർടിസി സ്വിഫ്റ്റ് ബസ്. യാത്രക്കാരും നാട്ടുകാരും പ്രതിഷേധിച്ചതോടെ 40 കിലോമീറ്റർ തിരിച്ചോടി യാത്രക്കാരെ കയറ്റി. പെരുമ്പാവൂരിൽ ഇന്ന് പുലർച്ചെയാണ് സംഭവം. ഡിപ്പോ ജീവനക്കാരെ നാട്ടുകാർ ഉപരോധിച്ചതോടെയാണ് ബസ് മടങ്ങിയെത്തിയത്.

തൃശൂർ-തിരുവനന്തപുരം റൂട്ടിലോടുന്ന ബസ് പുലർച്ചെ ഒന്നിന് പെരുമ്പാവൂരിൽ എത്തേണ്ടതായിരുന്നു. എന്നാൽ ബസ് പെരുമ്പാവൂർ സ്റ്റാൻഡിൽ കയറാതെ എംസി റോഡ് വഴി ബസ് പോവുകയായിരുന്നു. ഏഴ് സ്ത്രീകൾ ഉൾപ്പെടെ പത്തു പേരാണ് ബസിനായി കാത്തു നിന്നത്.

ബസ് വരാതായതോടെ യാത്രക്കാരും നാട്ടുകാരും ചേർന്ന് ഡിപ്പോ ജീവനക്കാരെ ഉപരോധിച്ചു. ഇതോടെ മൂവാറ്റുപുഴയും കടന്നു പോയ ബസ് 40 കിലോമീറ്റർ ദൂരെ നിന്നും പെരുമ്പാവൂരിലേക്ക് മടങ്ങിയെത്തി. തുടർന്ന് പെരുമ്പാവൂരിൽ നിന്നുള്ള യാത്രക്കാരെയും കയറ്റി ഏറെ വൈകിയാണ് ബസ് തിരുവനന്തപുരത്തേക്ക് പുറപ്പെട്ടത്.

# യുദ്ധം; ഏഷ്യൻ ഓഹരിവിപണികളിൽ തകർച്ച

ടോക്കിയോ: അമേരിക്ക-ഇസ്രയേൽ-ഇറാൻ പോരാട്ടം കടുക്കുന്ന സാഹചര്യത്തിൽ ഇന്നു രാവിലെ ഏഷ്യൻ ഓഹരി വിപണികളിൽ കനത്ത ഇടിവ് രേഖപ്പെടുത്തി. യുദ്ധം നാലാം വാരത്തിലേക്കു കടക്കുമ്പോൾ ആഗോള സമ്പദ്വ്യവസ്ഥയിലുണ്ടായ അനിശ്ചിതത്വമാണ് വിപണിയെ ബാധിച്ചത്.ജപ്പാനിലെ നിക്കൈ സൂചിക വ്യാപാരത്തിൻറെ തുടക്കത്തിൽതന്നെ 4.8 ശതമാനം താഴ്ന്നു. ദക്ഷിണ കൊറിയയിലെ കോസ്പി സൂചികയിലും 5.5 ശതമാനത്തിലധികം ഇടിവുണ്ടായി. യുദ്ധം നീണ്ടുനിൽക്കുന്നത് നിക്ഷേപകരിൽ വലിയ ആശങ്കയാണ് സൃഷ്ടിക്കുന്നത്.

ഇതിനിടെ, പശ്ചിമേഷ്യയിലെ സംഘർഷം ആഗോള ഇന്ധന വിപണിയെ ഉലയ്ക്കുന്ന സാഹചര്യത്തിൽ, ഡീസൽ, ദ്രാവക പ്രകൃതിവാതകം എന്നിവയുടെ തടസമില്ലാത്ത വ്യാപാരം ഉറപ്പാക്കാൻ ഓസ്ട്രേലിയയും സിംഗപുരും ധാരണയായി. ഇരു രാജ്യങ്ങളിലെയും നേതാക്കൾ പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് ഇക്കാര്യങ്ങൾ അറിയിച്ചത്.ഊർജ വിതരണം വർധിപ്പിക്കാനും അനാവശ്യമായ ഇറക്കുമതി-കയറ്റുമതി നിയന്ത്രണങ്ങൾ ഒഴിവാക്കി വ്യാപാര മേഖല സുതാര്യമാക്കുന്നതിനും ഇരുരാജ്യങ്ങളും ഒന്നിച്ച് പ്രവർത്തിക്കും. പുതുക്കാവുന്ന ഊർജസ്രോതസുകളിലേക്കുള്ള മാറ്റം വേഗത്തിലാക്കാനും പ്രാദേശിക സഹകരണം ശക്തിപ്പെടുത്താനും പ്രസ്താവന ആഹ്വാനം ചെയ്യുന്നു.

# സഹകരണ ബാങ്ക് അഴിമതിക്ക് കൂട്ടുനിന്നില്ല, സിപിഎം നേതാവിൻറെ ഭാര്യ പ്രസിഡൻറു സ്ഥാനം രാജിവച്ചു

പത്തനംതിട്ട: അടൂർ സർവീസ് സഹകരണ ബാങ്കിലെ മുൻ ഭരണസമിതികളുടെ കാലയളവിലെ ക്രമക്കേടുകൾ പുറത്തു കൊണ്ടുവന്ന സിപിഎമ്മുകാരിയായ വനിതാ പ്രസിഡൻറ് സമ്മർദങ്ങൾക്കൊടുവിൽ സ്ഥാനം രാജിവച്ചു.

സിപിഎം മുൻ സംസ്ഥാന സമിതിയംഗവും മുൻ അടൂർ എംഎൽഎയുമായ ആർ. ഉണ്ണിക്കൃഷ്ണപിള്ളയുടെ ഭാര്യയും ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവുമായ പൊൻതാമരപിള്ളയാണ് പ്രസിഡൻറു സ്ഥാനം രാജിവച്ചത്. സിപിഎമ്മുകാർ മാത്രം അംഗങ്ങളായ ബാങ്ക് ഭരണ സമിതിയിൽ പ്രസിഡൻറിനെതിരേ കൊണ്ടുവന്ന അവിശ്വാസം ഇന്ന് പരിഗണിക്കാനാരിക്കവേയാണ് ബാങ്കിൽ മുൻകാലങ്ങളിൽ നടന്ന ക്രമക്കേടുകൾ വിവരിച്ച് പ്രസ്ക്ലബിൽ പത്രസമ്മേളനം നടത്തി പൊൻതാമരപിള്ള രാജി പ്രഖ്യാപിച്ചത്. രാജിക്കത്ത് സഹകരണ വകുപ്പ് അസിസ്റ്റൻറ് രജിസ്ട്രാർക്കും കൈമാറി. രാജിക്കത്ത് വാങ്ങാൻ ബാങ്ക് സെക്രട്ടറി തയാറായില്ലെന്നും പൊൻതാമരപിള്ള പറഞ്ഞു.

സിപിഎം അടൂർ ഏരിയാ കമ്മിറ്റിയംഗം കൂടിയായ പി. രവീന്ദ്രൻ ദീർഘകാലം പ്രസിഡൻറായിരുന്ന 142 -ാം നമ്പർ അടൂർ സർവീസ് സഹകരണ ബാങ്കിനെതിരേയാണ് ആരോപണം. 2024 നവംബറിലാണ് പൊൻതാമരപിള്ള ബാങ്ക് പ്രസിഡൻറു സ്ഥാനം ഏറ്റെടുത്തത്. പിന്നീടു നടന്ന പരിശോധനയിലും സഹകരണ വകുപ്പ് നടത്തിയ പരിശോധനകളിലുമാണ് ക്രമക്കേടുകൾ പുറത്തുവന്നത്.

75 ലക്ഷത്തിൽപരം രൂപയുടെ ക്രമക്കേട് രവീന്ദ്രൻ പ്രസിഡൻറായിരുന്ന കാലയളവിൽ ഉണ്ടായിട്ടുണ്ടെന്നതാണ് ഓഡിറ്റ് റിപ്പോർട്ട്. സെക്രട്ടറിയുടെ ചുമതല വഹിക്കുന്നയാളിൻറെ കൂടി പിന്തുണയിലാണ് ക്രമക്കേടുകൾ നടന്നിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട പ്രസിഡൻറെന്ന നിലയിൽ താൻ ആവശ്യപ്പെട്ട ഫയലുകൾ നൽകാൻ പലപ്പോഴും ഉദ്യോഗസ്ഥർ തയാറായില്ല. ബാലൻസ് ഷീറ്റ് കൃത്യമായി അവതരിപ്പിച്ചിരുന്നില്ല. നേരത്തെ താൻ ഇക്കാര്യം ഭരണസമിതിയിൽ ഉന്നയിക്കപ്പെടുന്പോഴും പിന്തുണ ലഭിച്ചിരുന്നില്ല. ഇതു സംബന്ധിച്ച് സഹകരണ സംഘം ജോയിൻറ് രജിസ്ട്രാർക്ക് പരാതി നൽകിയെങ്കിലും യാതൊരു നടപടിയും ഉണ്ടായില്ല. ഇതിനിടെ ബാങ്കിലെ സ്ഥിരനിക്ഷേപം പിൻവലിച്ചതും പലിശ ലഭിക്കാത്തതുമായ നിരവധി പരാതികളുണ്ടായി. ഏറെ നഷ്ടത്തിലായിരുന്ന ഘട്ടത്തിലാണ് താൻ പ്രസിഡൻറ് സ്ഥാനം ഏറ്റെടുത്തത്.

കുടിശികകൾ പിരിച്ചെടുത്തും നിക്ഷേപം വർധിപ്പിച്ചും ബാങ്കിനെ നല്ലനിലയിലേക്ക് മാറ്റാൻ ശ്രമം നടത്തി. കേരള ബാങ്കുമായി ബന്ധപ്പെട്ട് ബാങ്ക് ഇടപാടുകൾ പുനരാരംഭിച്ചു. നേരത്തെ അടൂരിലെ മറ്റൊരു സഹകരണ സംഘത്തിലേക്ക് ബാങ്കിൻറെ നിക്ഷേപം അടക്കം മാറ്റുകയും ഇതിലൂടെ കുടുംബാംഗങ്ങൾക്ക് സഹായം ചെയ്തു കൊടുക്കുകയുമാണ് മുൻ പ്രസിഡൻറ് ചെയ്തിരുന്നതെന്ന് പൊൻതാമരപിള്ള ആരോപിച്ചു.

തന്നെ ഒറ്റപ്പെടുത്തുന്ന സമീപനമാണ് ഭരണസമിതിയംഗങ്ങളും സ്വീകരിച്ചത്.താൻ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് പാർട്ടി കമ്മിറ്റികളെയും നേതാക്കളെയും ധരിപ്പിച്ചിരുന്നു. എന്നാൽ അതേക്കുറിച്ച് അന്വേഷിച്ച് നടപടിയെടുക്കാൻ തയാറായില്ല. പകരം പാർട്ടിയോട് ആലോചിക്കാതെ അംഗങ്ങൾ അവിശ്വാസം നൽകുകയായിരുന്നു. ക്രമവിരുദ്ധമായ ഈ നടപടിയെപ്പോലും ചോദ്യം ചെയ്യാൻ ആരും തയാറായില്ല. ക്രമക്കേടിന് ഒത്താശ ചെയ്യാത്തതിൻറെ പേരിൽ ബാങ്ക് ഭരണ സമിതിയിൽ നിന്നും ചില നേതാക്കളുടെ ഭാഗത്തുനിന്നും വലിയ സമ്മർദങ്ങൾ തനിക്കു നേരിടേണ്ടിവന്നു.

പ്രസിഡൻറു സ്ഥാനം രാജിവച്ചാലും ക്രമക്കേട് തെളിയിക്കേണ്ടതുള്ളതിനാൽ ബോർഡ് മെംബർ സ്ഥാനം രാജിവച്ചിട്ടില്ല. ഇതിനായി ഏതറ്റംവരെയും താൻ പോകും. അഴിമതിക്കെതിരേ ശക്തമായി പോരാടും. പാർട്ടിയിൽ ഇപ്പോഴും പൂർണ വിശ്വാസമുണ്ടെന്നും പൊൻതാമര പിള്ള പറഞ്ഞു.

കഴിഞ്ഞ തദ്ദേശ തെരഞ്ഞെടുപ്പിൽ അടൂർ നഗരസഭ 27ാം വാർഡിൽ സിപിഎം സ്ഥാനാർഥിയായി മത്സരിച്ചിരുന്ന പൊൻതാമര പിള്ള പരാജയപ്പെട്ടിരുന്നു.

# ഫ്ലാറ്റിന് തീപിടിച്ച് വയോധിക മരിച്ചു

മുംബൈ: മഹാരാഷ്ട്രയിലെ ഗോരേഗാവിൽ ഫ്ലാറ്റിന് തീപിടിച്ച് വയോധിക മരിച്ചു. 24 നിലകളുള്ള ഫ്ലാറ്റിൻറെ ആറാം നിലയിൽ താമസിച്ചിരുന്ന ഇന്ദു തർക്കേശ്വർ സിംഗ് (72) ആണ് മരിച്ചത്. വൈകുന്നേരം ഏഴരയോടെയാണ് സംഭവം.

വിവരം അറിഞ്ഞ ഉടൻ തന്നെ സ്ഥലത്തെത്തിയ പോലീസും ഫയർ ഫോഴ്സും രക്ഷപ്രവർത്തനം നടത്തി. ഇന്ദുവിനെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചുവെങ്കിലും ജീവൻ രക്ഷിക്കാനായില്ല.രാത്രി 11:30 ഓടെയാണ് തീ അണച്ചതെന്നും തീപിടിത്തത്തിൻറെ കാരണം ഇതുവരെ കണ്ടെത്താനായിട്ടിലെന്നും പോലീസ് പറഞ്ഞു. കൂടുതൽ അന്വേഷണം നടന്നുവരികയാണ്.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.

# കുട്ടികളുടെ അവകാശ സംരക്ഷണം: സി.ഡബ്ല്യു.സി, ജെ.ജെ.ബി അംഗങ്ങൾക്കുള്ള പരിശീലനം ആരംഭിച്ചു

സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷന്റെ ആഭിമുഖ്യത്തിൽ ചൈൽഡ് വെൽഫെയർ കമ്മിറ്റിയിലേയും (സി.ഡബ്ല്യു.സി), ജുവനൈൽ ജസ്റ്റിസ് ബോർഡിലേയും (ജെ.ജെ.ബി) അംഗങ്ങൾ, ഡിസ്ട്രിക്ട് ക്രൈം ബ്രാഞ്ച് നോഡൽ ഓഫീസർമാർ, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർ എന്നിവർക്കായി സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടിയ്ക്ക് തുടക്കമായി. തിരുവനന്തപുരം അപ്പോളോ ഡിമോറ ഹോട്ടലിൽ സംഘടിപ്പിച്ച ദ്വിദിന പരിശീലന പരിപാടി വനിതാ-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ അധ്യക്ഷനായ ചടങ്ങിൽ തിരുവനന്തപുരം റേഞ്ച് ഡി ഐ ജി അജിത ബീഗം മുഖ്യാതിഥിയായി.



സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻ സംഘടിപ്പിച്ച ദ്വിദിന പരിശീലനം വനിതാ-ശിശു വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ.ഷർമിള മേരി ജോസഫ് ഉദ്ഘാടനം ചെയ്യുന്നു.

കുട്ടികളുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ എടുക്കുമ്പോഴും ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോഴും 'കുട്ടികളുടെ താല്പര്യം' മുൻനിർത്തി പ്രവർത്തിക്കണമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി ഷർമിള മേരി ജോസഫ് പറഞ്ഞു. സംരക്ഷണവും പരിചരണവും ആവശ്യമുള്ള കുട്ടികൾ പിന്നീട് നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളായി മാറാതിരിക്കാൻ കൃത്യമായ പിന്തുണ നൽകേണ്ടതുണ്ട്. കുട്ടികളെ മാനസികമായി സമ്മർദ്ദത്തിലാക്കാതെ, അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കാൻ സ്കൂളുകളിലും വീടുകളിലും മികച്ച സംവിധാനങ്ങൾ ഉണ്ടാകണം. കുട്ടികളുടെ അവകാശങ്ങളുടെ ഭരണഘടനാപരമായ ചട്ടക്കൂട്, വിവരാവകാശ നിയമം, ഐ.ടി ആക്ടുകൾ, പോക്സോ നിയമം, മാനസികാരോഗ്യ തന്ത്രങ്ങൾ തുടങ്ങിയ സെഷനുകൾ പരിശീലനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിയമവശങ്ങൾ കൃത്യമായി പരിശോധിച്ച് വ്യക്തമായ ഉത്തരവുകൾ പുറപ്പെടുവിക്കാൻ അംഗങ്ങളെ പ്രാപ്തരാക്കുക എന്നതാണ് ഈ ദ്വിദിന ശില്പശാലയുടെ മുഖ്യലക്ഷ്യമെന്നും അവർ കൂട്ടിച്ചേർത്തു.

കുട്ടികളുടെ സംരക്ഷണത്തിന് ബന്ധപ്പെട്ട വിവിധ വകുപ്പുകളെയും ഏജൻസികളെയും ഏകോപിപ്പിച്ച് 'സിംഗിൾ ഡാഷ്ബോർഡ്' സംവിധാനം വേണമെന്ന് മുഖ്യാതിഥിയായ ഡി.ഐ.ജി അജിത ബീഗം പറഞ്ഞു. പോലീസ്, സി.ഡബ്ല്യു.സി, ജെ.ജെ.ബി, ഡി.സി.പി.യു, ലീഗൽ സർവീസ് അതോറിറ്റി എന്നിവർക്ക് ഈ ഡാഷ്ബോർഡിലൂടെ കുട്ടികളുടെ വിവരങ്ങൾ നൽകാനും നിരീക്ഷിക്കാനും സാധിക്കണം. സ്നേഹിത, കൂട്ട്, ഡി-അഡിക്ഷൻ സെന്ററുകൾ, സ്കൂൾ കൗൺസിലർമാർ തുടങ്ങി വിവിധ തലങ്ങളിലുള്ള കൗൺസിലിംഗ് സംവിധാനങ്ങളുടെ സേവനവും കുട്ടികൾക്കായി ഉറപ്പാക്കണം. കുട്ടികളുടെ കാര്യത്തിൽ ഔദ്യോഗിക കൃത്യനിർവഹണം എന്നതിലുപരി, സ്വന്തം വീട്ടിലെ കുട്ടികളായി കണ്ട് സംരക്ഷണം നൽകാൻ എല്ലാ ഉദ്യോഗസ്ഥരും തയ്യാറാകണമെന്നും അവർ അഭിപ്രായപ്പെട്ടു.

കുട്ടികളോടുള്ള സമീപനങ്ങളും ഇടപെടലുകളും പൂർണ്ണമായും അവരുടെ നന്മയെ മുൻനിർത്തിയുള്ളതായിരിക്കണമെന്ന് കമ്മിഷൻ ചെയർപേഴ്സൺ കെ. വി. മനോജ് കുമാർ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു. പോക്സോ, ജുവനൈൽ ജസ്റ്റിസ് ആക്ട്, ഭാരതീയ ന്യായ സംഹിത എന്നിവയ്ക്ക് പുറമെ കുട്ടികളുടെ അതിജീവനം, പോഷകാഹാരം, സുരക്ഷ എന്നിവ ഉറപ്പാക്കുന്നതിനുള്ള നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട്, ഡിജിറ്റൽ ഡാറ്റാ പ്രൊട്ടക്ഷൻ ആക്ട്, മെഡിക്കൽ ടെർമിനേഷൻ ഓഫ് പ്രഗ്നൻസി ആക്ട് എന്നീ നിയമങ്ങളെക്കുറിച്ചും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് വ്യക്തമായ അറിവ് ഉണ്ടായിരിക്കണം. ഡിജിറ്റൽ ലോകത്തെ സൈബർ കുറ്റകൃത്യങ്ങളിൽ നിന്നും ചതിക്കുഴികളിൽ നിന്നും കുട്ടികളെ സംരക്ഷിക്കാൻ പ്രത്യേക ശ്രദ്ധ നൽകണമെന്നും ഇത് സംബന്ധിച്ച് കുട്ടികളിലും രക്ഷിതാക്കളിലും കൃത്യമായ അവബോധം സൃഷ്ടിക്കണമെന്നും അദ്ദേഹം പറഞ്ഞു.

കമ്മിഷൻ അംഗം ബി. മോഹൻകുമാർ സ്വാഗതം ആശംസിച്ചു. കമ്മിഷൻ അംഗങ്ങളായ ജലജമോൾ റ്റി.സി, സിസിലി ജോസഫ്, കെ.കെ. ഷാജു, ഡോ. എഫ്. വിൽസൺ, ഷാജേഷ് ഭാസ്കർ. പി എന്നിവർ പങ്കെടുത്തു. കമ്മിഷൻ സെക്രട്ടറി എച്ച്. നജീബ് നന്ദി പറഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് സൈക്യാട്രി വിഭാഗം പ്രൊഫസർ അരുൺ ബി നായർ, ഗവ.ലോ കോളെജ് പ്രിൻസിപ്പൽ ഡോ.എൻ. കൃഷ്ണകുമാർ, റെജി ജേക്കബ് എന്നിവർ വിവിധ സെഷനുകൾ നയിച്ചു.

പരിശിലനത്തിന്റെ രണ്ടാം ദിനം നിയമവുമായി പൊരുത്തപ്പെടാത്തതും സുരക്ഷയും സംരക്ഷണവും ആവശ്യമുള്ളതുമായ കുട്ടികളെ സംബന്ധിച്ച വിഷയം കമ്മിഷൻ അംഗം കെ.കെ.ഷാജുവും കുട്ടികളുടെ പുനരധിവാസം പുനസ്താപനം സ്വദേശത്തേക്ക് കൊണ്ടുപോകലും സംബന്ധിച്ച് ഐ.സി.പി.എസ് പ്രോഗ്രാം ഓഫീസർ കെ.എം.നിഷാദും ക്ലാസ് കൈകാര്യം ചെയ്യും. വിവരാവകാശ നിയമപ്രകാരം കുട്ടികളുടെ വിവരങ്ങൾ വെളിപ്പെടുത്തുമ്പോൾ നേരിടുന്ന വെല്ലുവിളികൾ സബന്ധിച്ച് മുൻ അഡി.ലോ സെക്രട്ടറി നടയ്ക്കൽ കെ പ്രസാദും കുട്ടികളുമായി ബന്ധപ്പെട്ട വിശദീകരണ ഉത്തരവുകൾ തയ്യാറാക്കുന്നത് സംബന്ധിച്ച് കമ്മിഷൻ അംഗം ഷാജേഷ് ഭാസ്കറും ക്ലാസ് നയിക്കും. തുടർന്ന് കമ്മിഷൻ ചെയർപേഴ്സൺ കെ.വി.മനോജ് കുമാറിന്റെ മേൽനോട്ടത്തിൽ കൊല്ലം മെഡിക്കൽ കോളെജിലെ സൈക്യാട്രി വിഭാഗം പ്രൊഫസർ മോഹൻ റോയ് ചർച്ച നയിക്കും.

# ഉന്നയിച്ചത് രാഷ്ട്രീയ വിമർശനം; കോമാളി പ്രയോഗത്തിൽ ഖേദം പ്രകടിപ്പിച്ച് തോമസ് ഐസക്

തിരുവനന്തപുരം: പാലക്കാട്ടെ യുഡിഎഫ് സ്ഥാനാർഥി രമേഷ് പിഷാരടിയെ വ്യക്തിപരമായി വിമർശിച്ചിട്ടില്ലെന്ന് സിപിഎം നേതാവ് തോമസ് ഐസക്. പലസ്തീൻ വിഷയത്തിലെ പിഷാരടിയുടെ അരാഷ്ട്രീയ നിലപാടിനെയാണ് വിമർശിച്ചത്. ഉന്നയിച്ചത് രാഷ്ട്രീയ വിമർശനമാണ്.കോമാളി പ്രയോഗത്തിൽ ഖേദം പ്രകടിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. മധ്യേഷ്യയിലെ പ്രതിസന്ധിയെക്കുറിച്ചും പലസ്തീൻ വിഷയത്തെക്കുറിച്ചും ഞങ്ങൾക്കും കോൺഗ്രസിനും നിലപാടുണ്ട്. എന്നാൽ ആ നിലപാടുകൾക്ക് വിരുദ്ധമായുള്ള പിഷാരടിയുടെ അരാഷ്ട്രീയ നിലപാടിനെയാണ് താൻ വിമർശിച്ചതെന്നും തോമസ് ഐസക് വ്യക്തമാക്കി.

തോമസ് ഐസക്കിന് മറുപടിയുമായി രമേഷ് പിഷാരടി രംഗത്തെത്തിയിരുന്നു. തോമസ് ഐസക്കിനോട് സ്നേഹം മാത്രമാണുള്ളതെന്നും സംസ്കാരം സമരം ചെയ്താൽ കിട്ടുന്നതല്ലെന്നും പിഷാരടി പറഞ്ഞു.

# മാത്യു കുഴൽനാടന്റെ ഫ്ളക്സ് ബോർഡുകൾ നശിപ്പിച്ചതായി പരാതി

കൊച്ചി: എറണാകുളം പാലക്കുഴയിൽ യുഡിഎഫ് സ്ഥാനാർഥി മാത്യു കുഴൽനാടൻറെ ഫ്ളക്സ് ബോർഡുകൾ നശിപ്പിച്ചതായി പരാതി. യുഡിഎഫ് പ്രവർത്തകർ കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ പരാതി നൽകി. മൂവാറ്റുപുഴ മണ്ഡലത്തിലെ സ്ഥാനാർഥിയാണ് മാത്യു കുഴൽനാടൻ.ഞായറാഴ്ച രാത്രിയിലാണ് ഫ്ളക്സ് ബോർഡുകൾ നശിപ്പിച്ചത്. പാലക്കുഴിയിൽ മൃഗാശുപത്രിക്ക് സമീപം സ്വകാര്യ വ്യക്തിയുടെ സ്ഥലത്ത് സ്ഥാപിച്ചിരുന്ന ബോർഡുകളാണ് നശിപ്പിച്ചത്.

പൈനാപ്പിൾ ചെടി ഫ്ളക്സിൽ തിരുകി കീറിയ നിലയിൽ ആയിരുന്നു. സംഭവത്തിൽ കൂത്താട്ടുകുളം പോലീസ് അന്വേഷണം ആരംഭിച്ചു.

മാത്യു കുഴൽനാടൻറെ ഫ്ളക്സ് ബോർഡുകൾ കഴിഞ്ഞ ദിവസം ഏറെ ശ്രദ്ധ നേടിയിരുന്നു. എല്ലാ റോഡുകളും പാലങ്ങളും ഏറ്റവും മികച്ചതാക്കാൻ മറ്റാരുണ്ട് എൽഡിഎഫ് അല്ലാതെ എന്ന മുഖ്യമന്ത്രി പിണറായി വിജയൻറെ പോസ്റ്ററിന് അടുത്ത്, വികസനം കൊണ്ടുവരാൻ അഴിമതിയെ ചോദ്യം ചെയ്യാൻ മാത്യു ഉണ്ട് മൂവാറ്റുപുഴയിൽ എന്ന പോസ്റ്റർ ഏറെ ശ്രദ്ധ നേടുകയും വാർത്തകളിൽ ഇടം പിടിക്കുകയും ചെയ്തിരുന്നു.

# ബൈക്ക് മതിലിൽ ഇടിച്ച് യുവാക്കൾക്ക് ദാരുണാന്ത്യം

പാലക്കാട്: കോട്ടായി പരുത്തിപ്പുള്ളിക്കു സമീപം നിയന്ത്രണംവിട്ട ബൈക്ക് മതിലിൽ ഇടിച്ച് യുവാക്കൾക്ക് ദാരുണാന്ത്യം. ഇന്നുപുലർച്ചെയാണ് സംഭവം.

കോട്ടായി കരിയങ്കോട് സ്വദേശി സുജിത് (23), പരുത്തിപ്പുള്ളി സ്വദേശി ആകാശ് (23) എന്നിവരാണ് മരിച്ചത്. ഇവരുടെ സുഹൃത്ത് അശ്വിൻ (23)സാരമായി പരിക്കേറ്റ് ജില്ലാ ആശുപത്രിയിൽ ചികിത്സയിലാണ്.

# അറിവും പ്രചാരണായുധം; ബുദ്ധിശക്തിയുടെ പോരാട്ടക്കളമായി അശ്വമേധം

കോട്ടയം: പോസ്റ്ററും വാഹനപര്യടനവും കുടുബയോഗങ്ങളും റോഡ് ഷോയും ഡിജെയും സോഷ്യൽ മീഡിയാ പ്രചാരണവും മാത്രമല്ല തെരഞ്ഞെടുപ്പിൻറെ പ്രചാരണ പ്രവർത്തനങ്ങൾ. വിജ്ഞാന വിസ്ഫോടനത്തിൻറെ ന്യൂജെൻ കാലത്ത് അറിവിനെ തെരഞ്ഞെടുപ്പ് പ്രചാരണായുധമാക്കുകയാണ് ഇടതുമുന്നണി.

സംസ്ഥാന സർക്കാരിൻറെ 10 വർഷത്തെ വികസന നേട്ടങ്ങൾ നവതലമുറയെ ബോധ്യപ്പെടുത്തുന്നതിനും ഭരണതുടർച്ചയുടെ ആവശ്യകത യുവമനസുകളിൽ എത്തിക്കുന്നതിനുമായിട്ടാണ് ഡിവൈഎഫ്ഐ അറിവിനെ പ്രചാരണായുധമാക്കിയിരിക്കുന്നത്.

മലയാളിയുടെ മനസിലെ അറിവിൻറെ യാഗാശ്വം അശ്വമേധം ഫെയിം ജി. എസ്. പ്രദീപാണ് ഉയരട്ടെ, കേരളം നിറയട്ടെ അറിവുകൾ എന്ന പേരിൽ കേരളത്തിൻറെ അറിവുത്സവമായി കേരളത്തിൻറെ വടക്കേയറ്റം മുതൽ തെക്കേയറ്റം വരെ യുവധാര അശ്വമേധം എന്ന പേരിൽ വിജ്ഞാന വിനോദ യാത്രയുമായി എത്തുന്നത്.

ചാർളി ചാപ്ലിനിലെ പുഞ്ചിരിയിൽ തുടങ്ങി സർവം മായ സിനിമയിലെ ചില്ലറയിൽ വരെ എത്തിനില്ക്കുന്ന കേരളത്തിൻറെ വികസന വഴിയിലെ കഥകൾ പറഞ്ഞാണു അശ്വമേധം മുന്നോട്ടു നീങ്ങുന്നത്.

സ്ക്രീനിൽ തെളിഞ്ഞ പുഞ്ചിരിക്കുന്ന രണ്ടു പേരിൽ ഒരാൾ ഗാന്ധിജിയായിരുന്നു. ഗാന്ധിജിക്കൊപ്പമുള്ള രണ്ടാമൻ ഉള്ളിൽ കരയുമ്പോഴും കാണികളെ ഏറ്റവും കൂടുതൽ ചിരിപ്പിച്ച ചാർളി ചാപ്ലിനും. ചാർളി ചാപ്ലിൻറെ ചിരിയിലൂടെ സൗമ്യഭാഷയിൽ ക്ഷേമ പെൻഷൻ കേരളത്തിലെ സാധാരണക്കാരിലുണ്ടാക്കിയ ചിരിയിലേക്ക് എത്തിക്കുകയാണ് ജി. എസ്. പ്രദീപ്.

കഴിഞ്ഞ ദിവസം തളിപ്പറമ്പ് ഹാപ്പിനസ് പാർക്കിൽ സിപിഎം സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ യാത്ര ഉദ്ഘാടനം ചെയ്തു. ഉദുമ, മട്ടന്നൂർ, മുഖ്യമന്ത്രി മത്സരിക്കുന്ന ധർമടം, പേരാവൂർ മണ്ഡലങ്ങൾ പൂർത്തിയാക്കി ഇന്നു വയനാട് ജില്ലയിലെ മണ്ഡലങ്ങളിലേക്കു കടക്കും. ഏപ്രിൽ ആറുവരെ 16 ദിവസങ്ങളിൽ കേരളത്തിലെ 32 നിയമസഭ മണ്ഡലങ്ങളിലാണ് പര്യടനം.

വികസനത്തിൻറെ കേരള പെരുമ, മലയോര ഹൈവേ, പെരുമ്പളം പാലം എന്നി ചോദ്യങ്ങളുമായായാണ് അശ്വമേധത്തിൻറെ പര്യടനം. ചോദ്യങ്ങൾക്ക് ഉത്തരം പറയുന്നവർക്ക് സ്പോട്ടിൽ സമ്മാനവും നൽകും. സ്ക്രീനിൽ തെളിയുന്ന അക്കങ്ങളിൽ മത്സരാർഥികൾ തെരഞ്ഞെടുക്കുന്ന ഓരോ വിഷയങ്ങളിലേക്കും നയിക്കുന്ന രീതിയിലാണ് മത്സരം ചിട്ടപ്പെടുത്തിയിരിക്കുന്നത്.

ഓരോ വിഷയങ്ങളും കേരളത്തിൻറെ വിവിധ വികസന പ്രവർത്തനങ്ങളിലേക്ക് കാണികളെ നയിക്കും. ദേശീയപാത വികസനം, ഗെയിൽ പൈപ്പ്ലൈൻ, അതിദാരിദ്ര്യവിമുക്ത കേരളം, ലൈഫ്, വിദ്യാഭ്യാസ ആരോഗ്യ മേഖലയിലെ പുരോഗതി, തുരങ്ക പാത, വയനാട് ടൗൺഷിപ്പ് തുടങ്ങിയവയാണ് 21 ചോദ്യങ്ങളായി എത്തുന്നത്. ഇടതു മുന്നണിയുടെ സ്ഥാനാർഥികളും പരിപാടിയിൽ പങ്കെടുക്കും.

# കാറിനെ കുത്തിമറിച്ച് പടയപ്പ, കൊമ്പിൻ മുനയിൽ സഞ്ചാരികൾ

മൂന്നാർ: മൂന്നാറിൽ വീണ്ടും ഭീതിപരത്തി പടയപ്പ കൊന്പൻറെ വിളയാട്ടം. മൂന്നാർ -ഉദുമൽപേട്ട് അന്തർ സംസ്ഥാന പാതയിലായിരുന്നു വാഹനയാത്രക്കാരെ ഭീതിയിലാഴ്ത്തി കൊന്പൻ വാഹനങ്ങൾക്കു നേരേ ആക്രമണത്തിനും തുനിഞ്ഞു. കൊമ്പൻറെ മുന്നിൽ പെട്ട ഒരു കാറും അതിലെ യാത്രക്കാരും തലനാരിഴയ്ക്കാണ് രക്ഷപ്പെട്ടത്. പാഞ്ഞെത്തിയ കൊമ്പൻ കാർ കുത്തിമറിക്കാൻ ശ്രമിക്കുകയായിരുന്നു.

രണ്ടു മൂന്നുവട്ടം കാർ കുത്തിമറിക്കാനും തള്ളിനീക്കാനും പടയപ്പ ശ്രമിച്ചു. അതിനിടെ, മനഃസാന്നിധ്യം വിടാതെ ഡ്രൈവർ കാർ സ്റ്റാർട്ട്ചെയ്യുകയും മുന്നോട്ടു നീക്കുകയുമായിരുന്നു. ഞായറാഴ്ച രാത്രിയായിരുന്നു സംഭവം. അന്തർ സംസ്ഥാന പാതയിൽ തലയാർ ഭാഗത്തു സഞ്ചരിക്കുകയായിരുന്ന പടയപ്പ അതു വഴി എത്തിയ എല്ലാ വാഹനങ്ങളെയും ആശങ്കയിലാഴ്ത്തി. ഈ വഴി സഞ്ചരിച്ച കാർ കൊമ്പൻറെ ആക്രമണത്തിൽനിന്ന് അദ്ഭുതകരമായാണ് രക്ഷപ്പെട്ടത്.

കാറിൻറെ മുകൾഭാഗത്തു തുമ്പിക്കൈകൊണ്ട് അമർത്തിയതോടെ കാറിൻറെ പിൻഭാഗത്തെ ചില്ലുകൾ തകർന്നു. കാറിനെ ആക്രമിക്കുന്നതു കണ്ട മറ്റു വാഹനങ്ങളിലുള്ളവർ ഉച്ചത്തിൽ ഹോണടിച്ചു പിന്തിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും മാറാതെനിന്ന പടയപ്പയെ വെട്ടിച്ചു കാർ മുന്നോട്ടെടുത്തു യാത്രക്കാർ രക്ഷപ്പെടുകയായിരുന്നു. മറ്റൊരു പിക്കപ്പ് വാനിൻറെ സമീപത്ത് എത്തി ഉരസിയ പടയപ്പ മറ്റു വാഹനങ്ങളുടെ സമീപത്തേക്കു പാഞ്ഞടുത്തിരുന്നു.

മദപ്പാട് കണ്ടെത്തിയതിനെത്തുടർന്നു കഴിഞ്ഞ ഏതാനും ദിവസങ്ങളായി വനം വകുപ്പിൻറെ നിരിക്ഷണത്തിലായിരുന്ന പടയപ്പ ഒരിടവേളയ്ക്കു ശേഷമാണ് വീണ്ടും മൂന്നാറിലെ റോഡിലിറങ്ങി ഭീഷണി ഉയർത്തുന്നത്. മൂന്നു മാസങ്ങൾക്കു മുമ്പാണ് പടയപ്പയ്ക്കു മദപ്പാട് ഉണ്ടെന്നു വനം വകുപ്പ് സ്ഥിരീകരിച്ചത്.

പിന്നീട് പടയപ്പയെ നിരീക്ഷിക്കാൻ റാപ്പിഡ് റെസ്പോൺസ് ടീമിൻറെ രണ്ടു സംഘങ്ങളെയും ചുമതലപ്പെടുത്തിയിരുന്നു. എസ്റ്റേറ്റ് ജനവാസമേഖലകളിൽ തുടർന്നു വരുന്നതിനിടയിലായിരുന്നു മദപ്പാട് കണ്ടെത്തിയത്. ഇതും ജനങ്ങളിൽ ആശങ്ക ഉണർത്തിയിരുന്നു. വാഹനത്തെ ആക്രമിച്ചതോടെ പടയപ്പയെ നിയന്ത്രിക്കാൻ കൂടുതൽ ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഉയർന്നിരിക്കുകയാണ്.

# പത്രിക സമർപ്പിച്ച് സതീശൻ; കെട്ടിവയ്ക്കാനുള്ളത് തുക നൽകിയത് പ്ലാച്ചിമട സമരസമിതി

കൊച്ചി: പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ നാമനിർദേശ പത്രിക സമർപ്പിച്ചു. നേതാക്കൾക്കും പ്രവർത്തകർക്കുമൊപ്പം കാൽനടയായി എത്തിയാണ് പറവൂർ അഡീഷണൽ തഹസിൽദാർക്ക് മുന്നിൽ വി.ഡി സതീശൻ പത്രിക സമർപ്പിച്ചത്. പ്ലാച്ചിമട സമരസമിതിയാണ് സതീശന് കെട്ടിവയ്ക്കാനുള്ള പണം നൽകിയത്.

പറവൂരിലെ കോടതിക്ക് മുന്നിൽ വച്ചാണ് പ്ലാച്ചിമട സമരസമിതിയിലെ നേതാക്കൾ വി.ഡി സതീശന് കെട്ടിവയ്ക്കാനുള്ള തുക നൽകിയത്. യുഡിഎഫ് അധികാരത്തിൽ എത്തുമ്പോൾ പ്ലാച്ചിമട പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാക്കുമെന്ന് വി.ഡി സതീശൻ മാധ്യമങ്ങളോട് വ്യക്തമാക്കി.

'നീതിക്ക് വേണ്ടി അവർ നടത്തുന്ന പോരാട്ടത്തിൽ ഞാനും പങ്കാളിയാണ്. ഞാൻ നിരവധി തവണ അവരെ സന്ദർശിച്ച് പിന്തുണ കൊടുത്തിട്ടുണ്ട്. യുഡിഎഫ് അധികാരത്തിലേക്ക് തിരിട്ടു വരുമ്പോൾ പ്ലാച്ചിമട പ്രശ്നത്തിന് ശാശ്വതമായ പരിഹാരം ഉറപ്പായും ഉണ്ടാക്കും.

പ്ലാച്ചിമടയിലെ പാവപ്പെട്ട ആളുകളാണ് കെട്ടിവയ്ക്കാനുള്ള പണം തന്നത്. ഞാനിത് വലിയൊരു തുകയായി, അവരുടെ മുഴുവൻ സ്നേഹവും പിന്തുണയും ഹൃദയത്തിൽ ഏറ്റുവാങ്ങി കൊണ്ട് സന്തോഷത്തോടെ സ്വീകരിക്കുകയും സമരസമിതിക്ക് പ്രത്യേകമായി നന്ദി പ്രകടിപ്പിക്കുന്നു'- വി.ഡി സതീശൻ പറഞ്ഞു.

തൻറെ ഏഴാമത്തെ തെരഞ്ഞെടുപ്പിനാണ് വി.ഡി. സതീശൻ ഒരുങ്ങുന്നത്. 25 വർഷമായി പറവൂരിലെ എംഎൽഎയാണ് വി.ഡി സതീശൻ. 1996ലെ നിയമസഭ തെരഞ്ഞെടുപ്പിലായിരുന്നു പറവൂരിൽ ആദ്യമായി വി.ഡി. സതീശൻ പറവൂരിൽ മത്സരിക്കാനെത്തിയത്. ആദ്യ തെരഞ്ഞെടുപ്പിൽ സിപിഐയിലെ പി. രാജുവിനോട് പരാജയപ്പെട്ടു. പക്ഷേ 2001ൽ പി. രാജുവിനെ തോൽപിച്ച് എംഎൽഎയായി.

# 'കോന്നിയിലും റാന്നിയിലും ഡീൽ, ശബരിമല വിഷയം ഉന്നയിക്കാതെ എൻഡിഎ സ്ഥാനാർഥി': വി. ഡി. സതീശൻ

കൊച്ചി: നിയമസഭാ തെരഞ്ഞെടുപ്പിൽ സിപിഎം-ബിജെപി ഡീൽ ആവർത്തിച്ച് വി. ഡി സതീശൻ. കാസർഗോഡ്, മഞ്ചേശ്വരം, റാന്നി, കോന്നി സീറ്റുകളിൽ ഡീൽ ഉണ്ടെന്നാണ് സതീശൻ ആരോപിക്കുന്നത്. തൃശൂരിൽ ബിജെപി ജയിച്ചത് ഡീലിലൂടെയാണെന്നും അദ്ദേഹം ആരോപിച്ചു.

കെ. സുരേന്ദ്രൻ കഴിഞ്ഞ തവണ 32,000 വോട്ടുകൾ പിടിച്ച പത്തനംതിട്ടയിലെ കോന്നി സീറ്റ് ഇത്തവണ ബിഡിജെഎസിന് നൽകി. റാന്നിയിലെ സീറ്റ് ട്വൻറി20ക്ക് നൽകി. പത്തനംതിട്ടയിൽ എവിടെയാണ് ട്വൻറി20 ഉള്ളത് എറണാകുളം ജില്ലയിലെ കിഴക്ക് ഭാഗത്ത് മാത്രമുണ്ടായ പാർട്ടിയാണ് ട്വൻറി20. റാന്നിയിലെ സ്ഥാനാർഥി പറയുന്നത് ശബരിമല വിഷയം ഞങ്ങൾ ഉന്നയിക്കുന്നില്ലെന്നാണ്. അതിൽ സർക്കാരിൻറെ ഭാഗത്ത് തെറ്റൊന്നുമില്ല എന്നാണ് എൻഡിഎ സ്ഥാനാർഥി പറയുന്നത്.

കാസർഗോഡ്, മഞ്ചേശ്വരം, പാലക്കാട് തുടങ്ങി പല സ്ഥലത്തും പരസ്പരം അങ്ങോട്ടും ഇങ്ങോട്ടും ജയിപ്പിക്കാനുള്ള ഏർപ്പാടുകളാണ് ഇവർ ചെയ്യുന്നത്. കരുവന്നൂർ ബാങ്കിലെ 300 കോടിയുടെ കൊള്ള നടന്നപ്പോൾ ഇഡി പിടി മുറുക്കുന്നുവെന്ന വാർത്ത വന്നു.

ഇഡി പിടിമുറുക്കുന്നത് തൃശൂർ സീറ്റിന് വേണ്ടിയാണെന്ന് ഞാൻ പറഞ്ഞിരുന്നു. അങ്ങനെ ബിജെപിക്ക് ജയിക്കാനുള്ള സാഹചര്യം ഉണ്ടാക്കി കൊടുത്തു. തൃശൂർ സീറ്റിൽ ബിജെപി ജയിച്ച ശേഷം ഇഡി എവിടെയെങ്കിലും പിടിമുറുക്കിയോ

അതൊരു ഡീൽ ആയിരുന്നു. മുഖ്യമന്ത്രി ഒന്നാം നമ്പർ കാർ ഉപേക്ഷിച്ച് മസ്കറ്റ് ഹോട്ടലിൽ വന്ന് ആർഎസ്എസ് നേതാക്കളുമായി ചർച്ച നടത്തി. 77ൽ ആർഎസ്എസിൻറെ പിന്തുണയോടു കൂടിയല്ലേ ജയിച്ചുവന്നത്. ഈ ഡീൽ ഞങ്ങൾ പൊളിക്കും. കേരളം പത്തു വർഷത്തെ ഈ ദുർഭരണത്തിന് അന്ത്യം കുറിക്കും. ബിജെപിയുമായി രഹസ്യമായി നടത്തിയ ഡീലുകളെക്കുറിച്ച് ഇനിയും പറയും. മുഖ്യമന്ത്രി പറയുന്ന എല്ലാ കാര്യങ്ങൾക്കും ഉത്തരം നൽകുമെന്നും വി. ഡി സതീശൻ പറഞ്ഞു.